പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1805 | 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. യിൽ ശമ്പള പരിഷ്കരണത്തിനായി യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ എത്ര തവണയെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണത്തിനായി അംഗീകൃത, രജിസ്റ്റേർഡ് സംഘടനകളുമായി ചേർന്ന് മാനേജ്മെന്റ് 25.06.2018 ലും 30.01.2019 ലുമായി രണ്ട് തവണ ചർച്ച നടത്തിയിട്ടുണ്ട്. |
| (ബി) | തുടർചർച്ചയ്ക്ക് മുന്നോടിയായി യൂണിയനുകൾ അവരുടെ ഡിമാന്റുകൾ എഴുതി നൽകിയിരുന്നോ; പ്രധാനപ്പെട്ട ഭരണപ്രതിപക്ഷ യൂണിയനുകൾ എഴുതി നൽകിയ ഡിമാന്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | തുടർചർച്ചയ്ക്ക് മുന്നോടിയായി അംഗീകൃത യൂണിയനുകൾ (ഭരണ – പ്രതിപക്ഷ യൂണിയനുകൾ) അവരുടെ ഡിമാന്റുകൾ എഴുതി നൽകിയിരുന്നു. പ്രധാനപ്പെട്ട യൂണിയനുകളായ സി.ഐ.ടി.യുവും, റ്റി.ഡി.എഫും സമർപ്പിച്ച ഡിമാന്റ് പത്രികകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഓപ്പറേറ്റിംഗ് സ്റ്റാഫിനേക്കാളും അധികരിച്ച ശമ്പള സ്കെയിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് നൽകുന്ന കാലങ്ങളായി തുടർന്ന് പോരുന്ന സംവിധാനം മാറ്റുന്ന വിഷയം ചർച്ചയിലെ അജണ്ടയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സിയിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിലേയ്ക്കായി കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളും, മാനേജുമെന്റും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ |

| | | | |
|---|---|---|---|
| | | | തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളായി നിശ്ചയിക്കുന്നത്. ആയത് സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു. ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെക്കാളും അധികരിച്ച ശമ്പള സ്കെയിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നൽകുന്നു എന്ന തരത്തിലുള്ള ആക്ഷേപം അംഗീകൃത തൊഴിലാളി സംഘടനകൾ ഉന്നയിക്കുന്നപക്ഷം ടി വിഷയം ചർച്ച ചെയ്യുന്നതാണ്. |
| (ഡി) | പ്രസ്തുത വിഷയം ചർച്ചയിലെ അജണ്ടയിൽപ്പെടുത്തി നിലവിൽ പരിഗണനയിലുള്ള കെ.എസ്.ആർ. ടി.സി.യിലെ ശമ്പളക്കരാറിൽ, ഭാരിച്ച ജോലി നോക്കുന്ന ഓപ്പറേറ്റിംഗ് സ്റ്റാഫുകൾക്ക് അനുകൂലമായി കാര്യങ്ങൾ നടപ്പാക്കാൻ മുൻകയ്യെടുക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഇപ്രകാരം ഒരു വിഷയം സംഘടനകൾ ഉന്നയിക്കുന്നുവെങ്കിൽ ചർച്ചയിലെ അജണ്ടയിൽ ഉൾപ്പെടുത്തി പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# TRANSPORT DEMOCRATIC FEDERATION
## (T.D.F.)

Reg. No. 01-06 of 2002
H.O. S. VARADARAJAN NAIR SMARAKA MANDIRAM,
MANJALIKULAM ROAD, THAMPANOOR, THIRUVANANTHAPURAM -1. PHONE : 0471-2333640

| President | Working President | General Secretary | Treasurer |
|---|---|---|---|
| THAMPANOOR RAVI Ex. MLA | R. SASIDHARAN | K. MURALEEDHARAN MLA | C. JAYACHANDRAN |

Vice Presidents: R. AYYAPPAN, B. REGHU KUMAR
Secretaries: SUNNY THOMAS, A. MOHANAN, K.G. BABU, C.K. JAYACHANDRAN, S.P. PARAMESWARAN, E.K. GEORGE

No. Date.............................

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കെ.എസ്.ആർ.ടി.സി.
തിരുവനന്തപുരം

വിഷയം: പുതിയ ശമ്പളപരിഷ്കരണ കരാറിനുള്ള ചർച്ചയ്ക്കായി സമർപ്പിക്കുന്ന അവകാശ പത്രിക.

സർ,

KSRTC യിൽ നിലവിലുള്ള ശമ്പളപരിഷ്ക്കരണ കരാറിന്റെ കാലാവധി 2016 ഫെബ്രുവരി 28 ന് അവസാനിക്കുകയാണ്. പുതിയ ശമ്പളക്കരാർ ചർച്ചയ്ക്കായി, പുതിയ അവകാശ പത്രിക ഇതോടൊപ്പം നൽകുന്നു. അടിയന്തിരമായി പുതിയ ശമ്പളക്കരാർ നടപ്പാക്കുന്നതിനുള്ള ചർച്ച ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

CMD
KSRTC

തിരുവനന്തപുരം
12-01-2016

തമ്പാനൂർ രവി Ex. MLA
പ്രസിഡന്റ്

# അവകാശ പത്രിക

കേരള സംസ്ഥാന സർക്കാരിന്റേയും KSRTC മാനേജ്മെന്റിന്റെയും മുമ്പാകെ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ (TDF) സമർപ്പിക്കുന്ന അവകാശ പത്രിക.

സർ,

KSRTC യിൽ നിലവിലുള്ള സേവന വേതനക്കരാറിന്റെ കാലാവധി 2016 ഫെബ്രുവരി 28 ന് അവസാനിക്കുകയാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്ക്കരണ കരാർ ഉടൻ നടപ്പാക്കുമെന്നുറപ്പായിരിക്കുന്നു. KSRTC ജീവനക്കാരുടെ പുതിയ സേവന വേതന കരാർ ചർച്ചയ്ക്കായി താഴെ പറയുന്ന ആവശ്യങ്ങൾ സമർപ്പിക്കുന്നു. ഉടൻതന്നെ ചർച്ച തുടങ്ങുന്നതിനുള്ള നടപടി ആരംഭിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഇതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ചർച്ചാവേളയിൽ ആവശ്യമായി തോന്നുന്നപക്ഷം ഭേദഗതികൾ നിർദ്ദേശിക്കാനും പുതിയ ആവശ്യങ്ങൾ ഉന്നയിക്കാനും അവസരം നൽകേണ്ടതാണ്.

## PART I

## വേതന പരിഷ്ക്കരണവും ബന്ധപ്പെട്ട വിഷയങ്ങളും

**1. കാലാവധി**

1-3-2016 മുതൽ 5 വർഷത്തേക്കായി കരാറിന്റെ കാലാവധി തീരുമാനിക്കുക.

**2. ക്ഷാമബത്ത**

സർക്കാർ ജീവനക്കാർക്ക് അനുവദിക്കാൻ ശമ്പളക്കമ്മീഷൻ ശുപാർശപോലെ 80% ക്ഷാമ ബത്ത ശമ്പളത്തിൽ ലയിപ്പിക്കുക.

**3. ശമ്പളസ്കെയിൽ**

A. നിലവിലുള്ള ശമ്പളസ്കെയിലുകൾ സർക്കാർ ജീവനക്കാർക്ക് പുതുതായി അനുവദിക്കുന്ന സ്കെയിലിന് ആനുപാതികമായി മാറ്റം വരുത്തുക.

B. ചർച്ചാവേളയിൽ യൂണിയൻ പുതിയ സ്കെയിൽ നിർദ്ദേശം സമർപ്പിക്കുന്നതാണ്.

C. മാസ്റ്റർ സ്കെയിൽ സമ്പ്രദായം നിലനിർത്തുക.

**4. ക്ഷാമബത്ത**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്താ ഗഡുക്കൾ അതേ രീതിയിലും, തോതിലും തീയതിയിലും KSRTC ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുക.

**5. ഫിറ്റ്മെന്റ്**

സർക്കാർ ജീവനക്കാർക്ക് അനുവദിച്ച അതേ നിരക്കിൽ അനുവദിക്കുക.

**6. വെയിറ്റേജ്**

സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കുക.

**7. വീട്ടുവാടക അലവൻസ്**

സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കുക.

8. ഏറ്റവും കുറഞ്ഞ വേതന വർദ്ധന

01-03-2016 ൽ സർവ്വീസിലുള്ള എല്ലാ ജീവനക്കാർക്കും കുറഞ്ഞത് 5000 രൂപ വേതന വർദ്ധ... അനുവദിക്കുക.

9. ഫിക്സേഷൻ

ശമ്പളം നിർണ്ണയിക്കുമ്പോൾ എത്തിച്ചേരുന്ന തുക പുതിയ സ്കെയിലിൽ ഒരു സ്റ്റേജിലാണെങ്കിൽ അടുത്ത സ്റ്റേജ് അനുവദിക്കുക.

10. സ്റ്റാഗ്നേഷൻ ഇംക്രിമെന്റ്

കാലാവധി ഇല്ലാതെ സർവ്വീസ് അവസാനം വരെ നൽകുക.

11. കുടിശ്ശിക

കരാർ പ്രാബല്യത്തിൽ വരുന്നതുവരെ കുടിശ്ശിക പണമായി നൽകുക.

12. യാത്രാബത്തകൾ

കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന നിരക്കിലും തോതിലും അനുവദിക്കുക.

13. മെഡിക്കൽ റീ ഇമ്പേഴ്സ് മെന്റ്

A. സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന വ്യവസ്ഥകൾ അതേപടി നടപ്പാക്കുക.

B കൂടുതൽ ആശുപത്രികൾ കൂടി (ആയുർ വേദ, ഹോമിയോ, അലോപ്പതി ഉൾപ്പെടെ) ഉൾപ്പെടുത്തുക.

14. പെൻഷൻ

A. KSR പ്രകാരമുള്ള പെൻഷൻ വ്യവസ്ഥകൾ മാറ്റമില്ലാതെ KSRTC യിലും നടപ്പാക്കുക.

B. കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ സർക്കാർ ജീവനക്കാരുടേതിനു തുല്യമാക്കുക.

C. സർക്കാരിലേതുപോലെ സർവീസ് പെൻഷനും കുടുംബ പെൻഷനും പുതുക്കി നിശ്ചയിക്കുക.

D. പെൻഷൻകാർക്ക് സർക്കാരിലേതുപോലെ ഫിറ്റ്മെന്റ് ആനുകൂല്യം അനുവദിക്കുക.

E. പെൻഷൻകാർക്ക് സർക്കാരിലേതുപോലെ മെഡിക്കൽ അലവൻസ് അനുവദിക്കുക.

F. എക്സ്ഗ്രേഷ്യോ പെൻഷൻ സർക്കാരിലേതുപോലെ പരിഷ്ക്കരിക്കുക.

G. പെൻഷൻപറ്റി പിരിയുമ്പോഴുള്ള ആർജ്ജിതാവധി സറണ്ടർ ഉപാധികളില്ലാതെ അനുവദിക്കുക.

H. പെൻഷൻ എല്ലാ മാസവും ആദ്യപ്രവൃത്തി ദിവസം നൽകുക.

I. പെൻഷൻ പറ്റുന്ന ദിവസംതന്നെ പെൻഷൻ ആനുകൂല്യം നൽകുക.

15. അലവൻസുകൾ

നിലവിലെ അലവൻസുകൾ വർദ്ധിച്ച ജീവിത സൂചികയുടേയും വിലക്കയറ്റത്തിന്റേയും അടിസ്ഥാനത്തിൽ പുനക്രമീകരിക്കുക.

എല്ലാ അലവൻസുകളും അതത് മാസം 30-ാം തീയതി വിതരണം ചെയ്യുക.

16. കി. മീ. അലവൻസ് (ബാറ്റ)

സർക്കാർ ജീവനക്കാർക്കും ഇതര തൊഴിലാളികൾക്കും ജോലിയുടെ ഭാഗമായി 8 കൈവിന് പുറത്ത് യാത്ര ചെയ്യുമ്പോൾ നൽകുന്ന TA, DA തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പകരമാണ്. അവ രുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടാകുന്ന ചെലവുകൾക്കായാണ് BATA/KM അല വൻസ് അനുവദിച്ചിട്ടുള്ളത്. അത് ഇപ്പോൾ നൽകുന്നത് തുച്ഛമായ തുക മാത്രമാണ്. ഡ്രൈവർക്കും കണ്ടക്ടർക്കും ആ തുക TA + DA യ്ക്കാനുപാതികമായി ഉയർത്തുക.

**നിലവിലുള്ള അലവൻസുകൾ താഴെ പറയുന്ന രീതിയിൽ പരിഷ്ക്കരിക്കുക.**

**1. യൂണിഫോറം അലവൻസ്** ഇപ്പോൾ ലഭിക്കുന്നത് — പുതിയത് പോലീസ് ജീവനക്കാർക്ക് അനുവദിക്കുന്ന തുക അനുവദിക്കുക. എണ്ണവും അനുവദിക്കുക

A. എല്ലാ താത്ക്കാലിക CLR, എംപാനൽ ജീവനക്കാർക്കും ജോലിയിൽ പ്രവേശിക്കുന്നതു മുതൽ നൽകുക)

B. എല്ലാ വർഷവും ജനുവരി 1 ന് യൂണിഫോറം അലവൻസ് നൽകുക.

C. നിലവിലെ യൂണിഫോറം ചില വിഭാഗങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്നതിനാൽ മാറ്റം വരുത്തുക.

**2. പാദരക്ഷ അലവൻസ്**

പാദരക്ഷാ അലവൻസ് 1000 രൂപയാക്കുക.

**3. വാഷിംഗ് അലവൻസ്**

പെലീസ് ജീവനക്കാരടേതിന് തുല്യമാക്കുക.

| | നിലവിൽ | പുതിയത് |
|---|---|---|
| 4. രാത്രിബത്ത | 15 | 100 |
| 5. ഇൻസ്പെക്ടറുടെ ബാറ്റ | 20 | 100 |
| 6. കണ്ടക്ടർ, ഡ്രൈവർ - സ്റ്റേ അലവൻസ് | 25 | 100 |
| 7. പ്രതിദിന ഫണ്ടിംഗ് ബാറ്റ | 15 | 100 |

**8. 8 കി.മി. നുള്ളിൽ അപകടസ്ഥലങ്ങളിൽ ഡ്യൂട്ടി ചെയ്യുന്ന ഗാർഡിന് അലവൻസ് 30 - 100**

**9. ഹിൽ ട്രാക്ക് അലവൻസ്, വാം ക്ലോത്ത് അലവൻസ് - സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കുക.**

**10. ലേ ഓവർ അലവൻസ്**

A. ആസ്ഥാനത്ത് നിന്ന് 162 കി.മീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള സ്ഥലങ്ങളിലേക്ക് സംസ്ഥാ നത്തിനകത്ത് നടത്തുന്ന സർവ്വീസുകൾക്ക്

| | | | |
|---|---|---|---|
| 1. | 3 മണിക്കൂർ വരെ | ഇല്ല | ഇല്ല |
| 2. | 3 മണിക്കൂറിനും 6 മണിക്കൂറിനും ഇടയിൽ | 15 | 50 |
| 3. | 6 മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ | 20 | 70 |
| 4. | 12 മണിക്കൂറിന് മുകളിൽ | 25 | 100 |

B. ആസ്ഥാനത്ത് നിന്ന് 162 കി. മീറ്ററിൽ കൂടുതൽ ദൂരത്തിലേക്കുള്ള സ്ഥലങ്ങളിലേ-
ത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾക്ക്

| | | | |
|---|---|---|---|
| 1. | 3 മണിക്കൂർ വരെ | ഇല്ല | ഇല്ല |
| 2. | 3 മണിക്കൂറിനും 6 മണിക്കൂറിനും ഇടയിൽ | 15 | 50 |
| 3. | 6 മണിക്കൂറിനും 12 മണിക്കൂറിനും ഇടയിൽ | 20 | 70 |
| 4. | 12 മണിക്കൂറിന് മുകളിൽ | 30 | 120 |
| C. | സംസ്ഥാനാതിർത്തിയിൽ നിന്നും 15 കി.മീറ്ററിൽ കൂടുതൽ ദൂരത്തിലുള്ള സ്ഥലങ്ങളിലേക്ക് നടത്തുന്ന അന്തർസംസ്ഥാന സർവ്വീസിന് നൽകുന്ന ഇന്റർസ്റ്റേറ്റ് അലവൻസ് (ഷെഡ്യൂൾ ഒന്നിന്) | 15 | 50 |

**11. ബ്രേക്ക് ഡൗൺ ബാറ്റ**

A. മെക്കാനിക്കൽ ജീവനക്കാർക്കും ഡ്രൈവർക്കും 25 - 100

B. അന്തർ സംസ്ഥാന സർവീസുകൾക്ക് 25 - 100

**12. സ്പെഷ്യൽ മെസഞ്ചർക്കുള്ള പ്രതിമാസ അലവൻസ് 150 - 500**

**13. അധികബത്ത**

22.00 മണിക്കും 6 മണിക്കും ഇടയിൽ ജോലി ചെയ്യുന്നവർക്ക് 2 മണിക്കൂർ വരെ ഇല്ല.

| | ഡ്രൈവർ | കണ്ടക്ടർ |
|---|---|---|
| 2 മുതൽ 4 മണിക്കൂർ വരെ | 50 - 250 | 15 - 75 |
| 4 മണിക്കൂറിന് മുകളിൽ | 60 - 300 | 20 - 100 |

**14. കിലോമീറ്റർ ബത്ത**

കണ്ടക്ടർക്കും, ഡ്രൈവർക്കും പൊതുവേ

| | |
|---|---|
| മൊഫ്യൂസലിന് | 15 - 100 |
| സിറ്റി | 15 -100 |
| ഡബിൾഡക്കർ | 20 - 125 |
| ലോഫ്ളോർ | 30 - 150 |

A. 1 KM ന് 9 പൈസ - 25 പൈസ

B. കുറഞ്ഞ ബത്ത

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹൈറേഞ്ച് റൂട്ടുകളിൽ സർവീസ് നടത്തുന്ന ജീവനക്കാർക്ക് പരിഷ്ക്കരിച്ച കി. മീറ്റർ ബത്തയുടെ 50% തുക അധിക ബത്തയായി നൽകുക.

15. മുൻപ് പിൻവലിച്ച അലവൻസുകൾ പുനഃസ്ഥാപിച്ച് പരിഷ്ക്കരിക്കുക.

16. അർഹതയുള്ള എല്ലാ വിഭാഗങ്ങൾക്കും പുതിയ അലവൻസ് അനുവദിക്കുക.

## PART II

## സേവന വ്യവസ്ഥകൾ

16. **അവധികൾ**

A. സർക്കാർ പ്രഖ്യാപിക്കുന്ന എല്ലാ അവധി ദിവസങ്ങളും KSRTC ജീവനക്കാർക്കും അനുവദിക്കുക.

B. സെക്കന്റ് സാറ്റർഡേ എല്ലാ വിഭാഗങ്ങൾക്കും നൽകുക.

C. ആർജ്ജിതാവധി സർക്കാർ ജീവക്കാരുടേതിനു തുല്യമാക്കുക.

D. ലീവ് സറണ്ടർ വർഷാവർഷം പൂർണ്ണമായും അനുവദിക്കുക.

E. സ്പെഷ്യൽ കാഷൽ ലീവും പ്രസവാവധിയും സർക്കാർ ജീവനക്കാരുടേതിനു തുല്യമാക്കുക. (Meternity + Peternity)

F. എല്ലാ യൂണിറ്റിലും ഓരോ പ്രാദേശികാവധി അനുവദിക്കുക. പ്രാദേശികാവധി ലഭിക്കാത്തവർക്ക് ഒരവധി അധികം നൽകുക.

G. സർക്കാർ പ്രഖ്യാപിക്കുന്ന പകുതി ദിവസ അവധികൾ അനുവദിക്കാൻ കഴിയാത്തവർക്ക് അധിദിവസ വേതനം നൽകുക.

H. ശാരീരിക മാനസിക വൈകല്യമുള്ള മക്കളുള്ള മാതാപിതാക്കൾക്ക് സർക്കാർ ജീവനക്കാരുടേതിന് തുല്യമായ സ്പെഷ്യൽ ലീവ് അനുവദിക്കുക.

17. **പ്രൊമോഷനുകൾ**

എല്ലാ വിഭാഗങ്ങളുടേയും പ്രൊമോഷൻ തസ്തികയുടെ എണ്ണം പുനർ നിർണ്ണയിച്ച് വർദ്ധിപ്പിക്കുക.

A. ഗ്രേഡ് പ്രൊമോഷൻ കാലാവധി കുറയ്ക്കുക.

ഫസ്റ്റ് ഗ്രേഡ് 4 വർഷം സെലക്ഷൻ ഗ്രേഡ് 8 വർഷം സ്പെഷ്യൽ ഗ്രേഡ് 10 വർഷം. സീനിയർ ഗ്രേഡ് 13 വർഷം

i. മുൻ അവാർഡുകളുടേയും കമ്മീഷനുകളുടേയും ശുപാർശയുടേയും തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ എല്ലാ വിഭാഗത്തിന്റെയും പ്രമോഷനുകൾ വർദ്ധിപ്പിക്കുക.

ii. 15 വർഷം പൂർത്തിയാക്കുന്ന എല്ലാ വിഭാഗം ജീവനക്കാർക്കും സൂപ്പർവൈസറി പ്രൊമോഷൻ ലഭിക്കുന്ന രീതിയിൽ നിലവിലുള്ള പ്രമോഷൻ മാനദണ്ഡം പുനഃക്രമീകരിക്കുകക.

iii. ഓരോ വർഷവും ജനുവരി, ജൂലൈ മാസങ്ങളിൽ ഷെഡ്യൂൾ വർദ്ധനയ്ക്കാനുപാതികമായി പ്രൊമോഷൻ അംഗീകൃത യുണിയനുകളുമായി ചർച്ച ചെയ്ത് അനുവദിക്കുക.

iv. KSRTC യിലെ ഗസറ്റഡ് തസ്തികയിൽ വരുന്ന എല്ലാ വിഭാഗം ജീവനക്കാരും MOP Transport Mannual പാസ്സാകണമെന്ന് വ്യവസ്ഥ ചെയ്യുക.

v. ജില്ലാ ആസ്ഥാനങ്ങളിൽ V.M.O മാരെ നിയമിക്കുക.

vi. ഫെയർകോപ്പി സൂപ്രണ്ടുമാരുടെ ഹയർ ഡിവിഷൻ തസ്തിക പുനഃസ്ഥാപിക്കുക.

vii. കുഞ്ഞുകൃഷ്ണപിള്ള അവാർഡ് പ്രകാരം KSRTC അംഗീകരിച്ചിരുന്ന 600 KM ന് ഒരു ഇൻസ്പെക്ടറെ വീതം നിയമിക്കുക.

viii. കുഞ്ഞുകൃഷ്ണപിള്ള അവാർഡു പ്രകാരം KSRTC അംഗീകരിച്ചിരുന്ന 7 ഷെഡ്യൂളിന് ഒരു വെഹിക്കിൾ സൂപ്പർ വൈസറെ അനുവദിക്കുക.

ix. സ്റ്റോർ സ്റ്റാഫിന് അർഹമായ പുതിയ പ്രൊമോഷൻ തസ്തിക അനുവദിക്കുക.

x. സ്റ്റേഷൻ മാസ്റ്റർ ഓഫീസും പ്രവൃത്തിയും ഉള്ളിടത്തെല്ലാം സ്റ്റേഷൻ മാസ്റ്ററെ അനുവദിക്കുക.

xi. 17 വർഷം പൂർത്തിയായിട്ടും സൂപ്പർവൈസറി പ്രൊമോഷൻ ലഭിക്കാത്തവർക്ക് നോൺ കേഡർ പ്രൊമോഷൻ അനുവദിക്കുക.

xii. വിമുക്ത ഭടന്മാർക്ക് കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രൊമോഷന് പ്രത്യേക പരിഗണന നൽകുക.

xiii. മെക്കാനിക്കൽ വിഭാഗങ്ങളിലെ എല്ലാ വിഭാഗങ്ങൾക്കും തരംതിരിച്ച് പ്രൊമോഷൻ ഉറപ്പാക്കുക.

xiv. എല്ലാ വിഭാഗങ്ങളുടേയും അതത് മാസ പ്രൊമോഷനുകൾ 5-ാം തീയതി ഒറ്റ ഉത്തരവായി ഒരു ദിവസമിറക്കുക.

xv. ADE മാരിൽ നിന്നും DE മാരായി പ്രൊമോഷൻ മാനദണ്ഡം 1:1 ആക്കുക.

xvi. ADE പോസ്റ്റിലേക്ക് ടെസ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക.

xvii. നേരിട്ടു നിയമനം ADE മാരിൽ നിന്നും DE മാരിലേക്കു മാറ്റുക.

xviii. ജനറൽ കാറ്റഗറിയിൽപ്പെട്ട B/S, C/B, പെയിന്റർ, ഇലക്ട്രീഷ്യൻ, ടയർ ഇൻസ്പെക്ടർ, ടയർ റീട്രേഡർ തുടങ്ങിയവർക്ക് കൂടുതൽ പ്രൊമോഷൻ സാധ്യത ഉറപ്പാക്കുക.

xix. ടിക്കറ്റ് ഇഷ്യൂവർക്ക് സൂപ്പർവൈസറി തസ്തിക അനുവദിക്കുക.

xx. എല്ലാ ഡിപ്പോകളിലും HVS തസ്തിക അനുവദിക്കുക.

xxi. 50 ഷെഡ്യൂളുകളിൽ കൂടുതലുള്ള ഡിപ്പോകളിൽ AO പോസ്റ്റ് അനുവദിക്കുക.

xxii. താല്ക്കാലിക ടയർ റീട്രെയ്ഡർമാരെ സ്ഥിരപ്പെടുത്തുക.

18. **താത്ക്കാലിക ജീവനക്കാർ**

A. എല്ലാ താൽക്കാലിക, CLR , എംപാനൽ, മസ്ദൂർമാരേയും സ്ഥിരപ്പെടുത്തുക.

B. ദിവസ ശമ്പളം ഒരു സ്ഥിരം ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം DA എന്നിവ ഉൾപ്പെട്ട ശമ്പളത്തിന്റെ 26 ൽ ഒന്നെന്ന കണക്കിൽ നൽകുക.

C. താത്ക്കാലിക ജീവനക്കാരന്റെ ശമ്പളം എല്ലാമാസവും ഒന്നാം തീയതി നൽകുക.

D. താത്ക്കാലിക ജീവനക്കാരന് സ്ഥിരം ജീവക്കാരന്റേതിന് തുല്യമായ അവധി അനുവദിക്കുക.

E. 20 ഡ്യൂട്ടി പൂർത്തിയാക്കാത്തവരിൽ നിന്നും ഈടാക്കുന്ന പെനാൽറ്റി ഒഴിവാക്കുക.

F. ഷോർട്ട് റെമിറ്റൻസിൽ 4 ഇരട്ടി പിഴ ഈടാക്കുന്ന രീതി അവസാനിപ്പിക്കുക.

G. അപകടത്തിലോ അല്ലാതേയോ മരിക്കുന്ന താത്ക്കാലികക്കാരുടെ ആശ്രിതർക്ക് സ്ഥിരം ജീവനക്കാരുടേതിന് തുല്യമായി ആശ്രിത നിയമനം നൽകുക.

H. താത്ക്കാലിക തൊഴിലാളിക്ക് ഗ്രാറ്റുവിറ്റി അനുവദിക്കുക.

I. എല്ലാ താത്ക്കാലികക്കാർക്കും ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക.

J. ഡ്യൂട്ടിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് താത്ക്കാലിക ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യം നൽകുക.

## 19. ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കുക (യാർഡ് സ്റ്റിക്)

അവധി ഒരവകാശമല്ല. ആരുടേയും ഔദാര്യവുമല്ല. അത് തൊഴിലാളിക്ക് അനുഭവിക്കാനുള്ള താണ്. എന്നാൽ KSRTC യിലെ സ്ഥിതി അതല്ല. കുടുംബത്തിലെ അത്യാഹിതങ്ങൾക്കുപോലും അവധി നിക്ഷേധിക്കുന്നു. ജീവനക്കാർക്കെതിരെ ശിക്ഷണ നടപടിയിൽ നല്ല പങ്ക് ആബ്സെന്റ് റിപ്പോർട്ടിന്റെ പേരിലാണ്. എന്നാൽ കൃത്യമായി ജോലിക്കെത്തിയാൽ അയാൾക്ക് ജോലി ലഭിക്കു മെന്നുറപ്പില്ല. പ്രത്യേകിച്ച് കണ്ടക്ടർ ഡ്രൈവർമാർക്ക്.

ഇതിനൊക്കെ കാരണം സർക്കാർ നിർദ്ദേശ പ്രകാരം പഴയ ഡയറക്ടർബോർഡ് അശാസ്ത്രീ യമായി സ്റ്റാഫ് സ്ട്രംഗ്ത് വെട്ടിക്കുറച്ചതാണ്. ഉന്നതങ്ങളിൽ ഏകപക്ഷീയമായി തീരുമാനിച്ചശേഷം അതിനാനുപാതികമായി എല്ലാ വിഭാഗങ്ങളിലും വെട്ടിക്കുറവു വരുത്തുന്നു. എന്നാൽ അത്യാവശ്യ മില്ലാത്ത ചില വിഭാഗങ്ങളിൽ ആവശ്യമുള്ളതിലധികം പേരുണ്ട് താനും. ഇതിന് ശാസ്ത്രീയമായ് പുനർ ചിന്തനം വേണം.

A. കുഞ്ഞുകൃഷ്ണപിള്ള അവാർഡിന്റെ അടിസ്ഥാനത്തിൽ KSRTC അംഗീകരിച്ചിരുന്ന യാർഡ്സ്റ്റിക് പുനഃസ്ഥാപിക്കുക. (11.5)

B. ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അവധികൾ അനുഭവിക്കത്തക്ക രീതിയിൽ ഓരോ വിഭാ ഗത്തിനും എണ്ണം വർദ്ധിപ്പിക്കുക.

C. മോട്ടോർ ട്രാൻ: സ്പോർട്ട് വർക്കേഴ്സ് ആക്ടിന്റേയും അനുവദിച്ച അവധികളുടേയും കണക്കെടുത്ത് ഡ്രൈവർ, കണ്ടക്ടർമാരെ നിയമിക്കുക.

D. വർക്ക് സ്റ്റഡി നടത്തി അതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗത്തിന്റെ എണ്ണം പുനർനിർണ്ണയിക്കുക.

E. കമ്പ്യൂട്ടർവത്ക്കരണം വ്യാപകമാക്കുകയും അതിന്റെ കൂടി അടിസ്ഥാനത്തിൽ ഓഫീസ് ജീവനക്കാർക്ക് കഴിയാവുന്ന തരത്തിലുള്ള അദ്ധ്വാനം മാത്രം നിജപ്പെടുത്തി. മിനിസ്റ്റീരി യൽ തുടങ്ങി മറ്റ് എല്ലാ വിഭാഗങ്ങളിലും കൂടുതൽ നിയമനം നടത്തുക.

F. ഏകപക്ഷീയമായ സ്റ്റാഫ് സെട്രെഗ്ത് നിശ്ചയിക്കൽ അവസാനിപ്പിച്ച് അംഗീകൃത യൂണി യനുകളുമായി ആലോചിച്ച് മാത്രമത് ചെയ്യുക.

## 20. ലൈറ്റ് ഡ്യൂട്ടി - കാറ്റഗറി മാറ്റം

ശാരീരികാവശതമൂലം അവരുടെ ജോലി ചെയ്യാൻ കഴിയില്ലെന്ന് മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്നവർക്ക് ലോവർ കാറ്റഗറിയിലേക്ക് തസ്തിക മാറ്റം നൽകുക. ആറുമാസത്തിലൊരിക്കൽ കാറ്റഗറി മാറ്റം നൽകുക. ഒരിക്കൽ കാറ്റഗറി മാറിയവർക്ക് പഴയ തസ്തികയിലേക്കോ ആ തസ്തി കയുടെ പ്രൊമോഷൻ പോസ്റ്റിലേക്കോ മടങ്ങിവരാൻ അനുവദിക്കാതിരിക്കുക.

## 21. ഡ്രൈവർക്ക് പെൻഷൻ പ്രത്യേക ഇളവ്

ഡ്രൈവർമാർക്ക് ഫുൾ പെൻഷൻ നിശ്ചയിക്കുന്നതിന് 5 വർഷത്തെ പ്രത്യേക ഇളവ് അനുവ ദിക്കുക.

**22. കോസ്റ്റ് ഓഫ് ഡാമേജ്**

A. കോസ്റ്റ് ഓഫ് ഡാമേജിന്റെ പേരിൽ ഡ്രൈവർ, മെക്കാനിക്ക് തുടങ്ങിയവരിൽ നിന്ന് നിയമവിരുദ്ധമായി പിഴ ഈടാക്കുന്ന രീതി ഒഴിവാക്കുക.

B. KCS + CCA നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുമാത്രം നടപടികൾ സ്വീകരിക്കുക.

C. അത്യാവശ്യം പിഴ ഈടാക്കേണ്ടി വരുന്ന സാഹചര്യത്തിൽ അയാൾക്ക് കുറ്റപത്രം നൽകുകയും അതിൽ ഈടാക്കുന്ന നഷ്ടത്തിന്റെ ഇനവും, തരവും, വ്യക്തമായി തിരിച്ച് സ്പെയർപാർട്സിന്റെ പേരും അതിന് ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്ന തുകയും വ്യക്തമായി രേഖപ്പെടുത്തുക. KCS + CCA Rule ലെ 15 വകുപ്പു പ്രകാരം മാത്രം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

D. അനാവശ്യമായി, ഇന്ന് നടപ്പാക്കുന്ന രീതിയിലുള്ള Cost of damage പിടിക്കൽ നിർത്തലാക്കുക.

**23. ഡ്രൈവർ കം കണ്ടക്ടർ, കണ്ടക്ടർ കം ഡ്രൈവർ**

ദീർഘദൂര സൂപ്പർക്ലാസ്സ് സർവീസുകളിലേക്ക് ഡ്രൈവർ കം കണ്ടക്ടർ, കണ്ടക്ടർ കം ഡ്രൈവർ തസ്തിക സൃഷ്ടിക്കുക. ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പ്രമോഷൻ, ഉത്തരവാദിത്തങ്ങൾ, ജോലിയുടെ സ്വഭാവം, ശിക്ഷണ നടപടികൾ, അലവൻസുകൾ തുടങ്ങിയവ ചർച്ച ചെയ്ത് തീരുമാനിക്കുക. KSRTC യിൽ സർവീസിലുള്ള ഡ്രൈവർ, കണ്ടക്ടർ ജീവനക്കാരിൽ നിന്ന് ഈ വിഭാഗത്തിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക. നിലവിലുള്ള നിയമങ്ങൾ ഇത് നടപ്പാക്കുന്നതിനായി ഭേദഗതി ചെയ്യുക.

**24. അപകടങ്ങളിൽ ജാമ്യം**

അന്യ സംസ്ഥാനങ്ങളിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ ജീവനക്കാർക്കും വാഹനത്തിനും ജാമ്യം എടുക്കുന്നതിനുള്ള ഉത്തരവാദിത്തം KSRTC മാനേജ്മെന്റ് ഏറ്റെടുക്കുക.

**25. ഷണ്ടിംഗ് ഡ്യൂട്ടി**

വർദ്ധിച്ചുവരുന്ന വാഹനത്തിന്റെയും, വാഹനം പാർക്കു ചെയ്യുന്നതിനുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകളുടേയും അടിസ്ഥാനത്തിൽ ഷണ്ടിംഗ് ഡ്യൂട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

**26. മെക്കാനിക്കൽ വിഭാഗം പുനഃസംഘടിപ്പിക്കുക**

A. മെക്കാനിക്കൽ വിഭാഗത്തിനു മാത്രമായി ആധുനിക വർക്ക്ഷോപ്പ് സംവിധാനമുള്ള പരിശീലന കേന്ദ്രങ്ങൾ പാറശ്ശാല, എടപ്പാൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

B. പരിശീലനം നൽകാൻ മാനുഫാക്ചെറിംഗ് കമ്പനികളിൽ നിന്നും ടെക്നീഷ്യൻമാരേയും, പ്രൊഫഷണൽമാരേയും ചുമതലപ്പെടുത്തുക.

C. മെക്കാനിക്കൽ വിഭാഗത്തിലെ മുഴുവൻ ജീവനക്കാർക്കും, ആഫീസറന്മാർക്കും വിദഗ്ദ്ധ പരിശീലനം നൽകുക. തുടർ പരിശീലനം നൽകുക.

D. KSRTC യിലെ എല്ലാ വർക്ക്ഷോപ്പുകളും ആധുനികവത്ക്കരിക്കുക.

E. റിപ്പയറിംഗിനാവശ്യമായ ആധുനിക ഉപകരണങ്ങളും ടൂൾസും അനുവദിക്കുക.

F. വൃത്തിഹീനവും അപകടകരവുമായ വർക്ക്ഷോപ്പുകൾ സമയബന്ധിതമായി നവീകരിക്കുക.

G. ബസ്സ് ബോഡി നിർമ്മാണത്തിന് ആധുനിക യന്ത്രസംവിധാനവും പരിശീലനവും നൽകി ബോഡി നിർമ്മാണ യൂണിറ്റുകൾ ശക്തിപ്പെടുത്തുക.

H. വർക്ക് സ്റ്റഡി നടത്തി മെക്കാനിക്കൽ വിഭാഗത്തിലെ ഓരോ ഉപവിഭാഗത്തിന്റെയും ജോലി പുനർ നിർണ്ണയിക്കുക

I. അവർക്ക് പരിചിതവും അറിവില്ലാത്തതുമായ ജോലികൾ നിർബന്ധപൂർവ്വം ചെയ്യിക്കാതിരിക്കുക.

J. AC ബസ്സുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ മെക്കാനിക്കുകൾക്ക് AC പരിശീലനം നൽകാൻ നടപടികൾ എടുക്കുക.

**27. കമ്പ്യൂട്ടർ പരിശീലനം**

മിനിസ്റ്റീരിയൽ ജീവനക്കാർക്കും KSRTC യിലെ എല്ലാ ഓഫീസറന്മാർക്കും കംപ്യൂട്ടർ പരിശീലനം ഉറപ്പാക്കുക. കേഡർ പ്രൊമോഷന് കമ്പ്യൂട്ടർ പരിജ്ഞാനം യോഗ്യതയാക്കുക. KSRTC യുടെ നേതൃത്വത്തിൽ സമയപരിധിക്കുള്ളിൽ, KSRTC ചെലവിൽ പരിശീലനം പൂർത്തിയാക്കുക.

**28. വനിതാ ജീവനക്കാർ**

A. എല്ലാ ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും സുരക്ഷിതവും സൗകര്യപ്രദവുമായ വിശ്രമ മുറികളും ടോയ്‌ലറ്റുകളും സമയബന്ധിതമായി നടപ്പാക്കുക.

B. ബസ് സ്റ്റേഷനുകളും വർക്ക്ഷോപ്പുകളും കേന്ദ്രീകരിച്ച് ഡേകെയർ, നഴ്സറി സ്കൂൾ എന്നിവ ആരംഭിക്കുക.

C. കണ്ടക്ടർമാരായി നിരവധി വനിതകൾ നിയമിക്കപ്പെടുന്ന സാഹചര്യത്തിൽ കണ്ടക്ടർ സീറ്റ് സിംഗിൾ ആക്കുക.

**29. പാസ്സ്**

A. എല്ലാ സ്ഥിര ജീവനക്കാർക്കും റെഡ് പാസ്സ് അനുവദിക്കുക.

B. എല്ലാ താത്ക്കാലിക ജീവനക്കാർക്കും പച്ച പാസ്സ് ഡ്യൂട്ടി നിയന്ത്രണമില്ലാതെ അനുവദിക്കുക.

C. ഡ്യൂട്ടിക്ക് വരുന്നതും മടങ്ങിപ്പോകുന്നതുമായ ഏതു ജീവനക്കാർക്കും അവരുടെ യൂണിഫോമിലോ യൂണിറ്റധികാരികൾ നൽകുന്ന തെളിവോടുകൂടിയോ എത്തിയാൽ രാത്രികാലങ്ങളിൽ ഏത് ബസ്സിലും ജോലി സ്ഥലത്തേക്കും, മടങ്ങി താമസ സ്ഥലത്തേയ്ക്കും യാത്ര ചെയ്യാൻ അനുവദിക്കുക.

D. അപ്രന്റീസുകൾക്കും പാസ്സ് അനുവദിക്കുക.

30. ഡ്യൂട്ടിക്കിടയിൽ സ്ഥിരം, താത്ക്കാലിക തൊഴിലാളിക്ക് അപകടമുണ്ടായാൽ ചികിത്സാർത്ഥം ഏത് ആശുപത്രിയിലും കൊണ്ടുപോകാനും, അതുമായി ബന്ധപ്പെട്ട ചെലവുകൾ പൂർണ്ണമായം ലഭ്യമാക്കാനും നടപടി എടുക്കുക.

31. ഡ്യൂട്ടി ഓഫ്, വീക്കിലി ഓഫ് ദിവസങ്ങളിൽ രക്തദാനം ചെയ്യുന്നവർക്ക് ആ ദിവസം ഡ്യൂട്ടിയായി പരിഗണിക്കുക.

**32. കേസ്സുകൾ**

A. കോർപ്പറേഷനുമായി ബന്ധപ്പെട്ട കേസുകൾക്ക് പോകുന്ന ജീവനക്കാർക്ക് D/off, W/off പരിഗണിക്കാതെ ഡ്യൂട്ടി അനുവദിക്കുക.

B. പ്രതികളാകുന്ന കേസ്സിൽ നിരപരാധിയെന്ന് വിധിയുണ്ടായാൽ പൂർണ്ണ കോടതി വ്യം, ഹാജരും നൽകുക.

33. **പരാതികൾ, നടപടികൾ**

A. ജീവനക്കാർക്കെതിരെ പരാതികൾ സ്വീകരിക്കുമ്പോൾ പരാതിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുക.

B. ഫോൺ സന്ദേശം, ഊമക്കത്തുകൾ എന്നിവയുടെ മാത്രം അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാതിരിക്കുക.

C. പരാതികളിൽ നിശ്ചിത സ്റ്റാമ്പ് പതിക്കുന്നതിന് ആവശ്യപ്പെടുക.

D. പരാതികൾ അന്വേഷിക്കുന്നതിന് അവരുടെ വീടുകളിൽ ഉദ്യോഗസ്ഥർ കയറിയിറങ്ങുന്നതിനു പകരം ഓഫീസിലോ, സ്ക്വോഡ് ഓഫീസിലോ, ഓഫീസറുടെ സാന്നിധ്യത്തിലോ പരാതിക്കാരെ വിളിച്ചുവരുത്തി തെളിവ് ശേഖരിക്കുക.

E. പരാതികൾ അന്വേഷിക്കുന്നതിന് ഇൻസ്പെക്ടർക്ക് നിയമവിദഗ്ദ്ധരെക്കൊണ്ട് പ്രത്യേക പരിശീലനം നൽകുക.

34. **സറണ്ടർ**

എല്ലാ വിഭാഗങ്ങൾക്കും W/off, D/off ദിവസങ്ങളിൽ സറണ്ടർ അനുവദിക്കുക.

35. ഡ്യൂട്ടിയിലുണ്ടാകുന്ന അപകടം കാരണം ലൈറ്റ് ഡ്യൂട്ടി അനുവദിക്കപ്പെടുന്നവർക്ക് ടി കാലം സർവ്വീസ് കാലാവധിയായി കണക്കാക്കുക. (9 C ഒഴിവാക്കുക).

36. **പർച്ചേസിംഗ് വിഭാഗം**

A. ലോക്കൽ പർച്ചെസ് ഒഴിവാക്കുക.

B. പർച്ചെസ് വിഭാഗം പൂർണ്ണമായും സമയബന്ധിതമായി കമ്പ്യൂട്ടർവത്ക്കരിക്കുക.

C. യൂണിറ്റ് തലത്തിലെ പർച്ചെസിംഗ് ഇടപാടുകൾ ബാങ്കുവഴിയാക്കുക.

D. അംഗീകൃത കമ്പനികളിൽ നിന്നു മാത്രം സ്പെയർ പാർട്സ് വാങ്ങുക.

E. മെറ്റീരിയൽ സയൻസ് യോഗ്യതയുള്ളവരെ പർച്ചെസ് വിഭാഗത്തിൽ ഉൾപ്പെടുത്തുക.

37. **സ്റ്റോർ വിഭാഗം**

A. സ്റ്റോർ വിഭാഗം ശക്തിപ്പെടുത്തുക. ആവശ്യമുള്ളവരെ നിയമിക്കുക.

B. യോഗ്യതയുള്ളവരെ മാത്രം ആ ജോലിക്ക് നിയമിക്കുക.

C. എല്ലാ മേജർ ഡിപ്പോകളിലും പൂർണ്ണസമയം സ്റ്റോർ പ്രവർത്തിപ്പിക്കുക.

D. സ്റ്റോർ വിഭാഗത്തിന് അർഹതയുള്ള പ്രൊമോഷനുകൾ നൽകുക.

E. അദർ ഡ്യൂട്ടിയുടെ പേരിൽ ഒരു യോഗ്യതയും, വിവരവും ഇല്ലാത്തവരെ സ്റ്റോറിൽ റിക്കാർഡുകൾ കൈകാര്യം ചെയ്യാൻ നിയമിക്കാതിരിക്കുക.

38. **ബസ്സ് സ്റ്റോപ്പുകൾ**

A. ശാസ്ത്രീയ പഠനം നടത്തി നിലവിലുള്ള ബസ്സ് സ്റ്റോപ്പുകൾ പുനർ നിർണ്ണയിക്കുക.

B. ട്രാഫിക് നിയമങ്ങളനുസരിച്ചു മാത്രം ബസ്സ് സ്റ്റോപ്പുകൾ നിശ്ചയിക്കുക.

C. പുതിയ ബസ് സ്റ്റോപ്പുകൾ അനുവദിക്കുമ്പോൾ ആനുപാതികമായി കൂടുതൽ റണ്ണിംഗ് സമയം അനുവദിക്കുക.

D. പുതിയ ബസ്സ് സ്റ്റോപ്പ് അനുവദിക്കുന്നതിന് യൂണിറ്റ് തലത്തിലും ചീഫ് ഓഫീസ് തലത്തിലും അംഗീകൃത യൂണിയൻ പ്രതിനിധി ഉൾക്കൊള്ളുന്ന സ്ഥിരം സമിതി ഉണ്ടാക്കുക.

E. യൂണിറ്റ് സമിതി റിപ്പോർട്ട് ചീഫ് ഓഫീസ് സമിതി പരിശോധിച്ച് അംഗീകരിച്ച ശേഷം മാത്രം നടപ്പാക്കുക.

F. നിലവിലുള്ള ഷെഡ്യൂളുകളിൽ വർദ്ധിച്ച ബസ്സ് സ്റ്റോപ്പിനാനുപാതികമായി റണ്ണിംഗ് സമയവും, ഷെഡ്യൂൾ സമയവും ഡ്യൂട്ടി മാറ്റവും നടപ്പാക്കുക.

**39. സ്റ്റേ - റൂം സൗകര്യം**

A. സ്റ്റേ റൂം ഇല്ലാത്ത സ്ഥലങ്ങളിൽ സ്റ്റേ സർവ്വീസ് നിർത്തലാക്കുക.

B. സറ്റേ റൂം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ സ്റ്റേ സർവീസ് തുടങ്ങില്ലായെന്ന മുൻ കരാർ നടപ്പാക്കുക.

C. സ്റ്റേ റൂമുകളിൽ സുരക്ഷിതത്വവും, വെള്ളവും വെളിച്ചവും മറ്റത്യാവശ്യ സൗകര്യവും ഉറപ്പാക്കുക.

**40. ടെസ്റ്റ് പാസ്സാകാത്ത മിനിസ്റ്റീരിയൽ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടെ ആനുകൂല്യം നൽകുക.**

**41. ക്യാന്റീൻ**

A. എല്ലാ ഡിപ്പോകളിലും വർക്ക്ഷോപ്പുകളിലും ക്യാന്റീൻ സൗകര്യം ഉറപ്പാക്കുക.

B. ജീവനക്കാർക്ക് സൗജന്യനിരക്കിൽ ഭക്ഷണം നൽകുക.

**42. ഭരണ ഭാഷ**

KSRTC യുടെ ഭരണപരമായ കത്തിടപാടുകൾ, നടപടികൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുക.

**43. ATM കൗണ്ടർ**

KSRTC യുടെ ബസ്സ് സ്റ്റേഷൻ, വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ ATM കൗണ്ടറുകൾ സ്ഥാപിക്കുക.

**44. സെപ്ഷ്യൽ ഡിസ് എബിലിറ്റി ലീവ്**

സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവിന് പരിധി ഇല്ലാതെ യൂണിറ്റുകളിൽ അനുവദിക്കുക.

**45. BOT ഷോപ്പിംഗ് കോംപ്ലക്സുൾ**

KTDFC, BOT അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കിയ തമ്പാനൂർ, കോഴിക്കോട്, തിരുവല്ല, അങ്കമാലി എന്നീ യൂണിറ്റുകൾക്ക് BOT കരാർ ഉണ്ടാക്കുക.

**46. വസ്തുക്കൾ സംരക്ഷിക്കുക.**

KSRTC യുടെ വസ്തുക്കൾക്ക് ആധാരം, പട്ടയം, ചുറ്റുമതിൽ എന്നിവ ഉണ്ടാക്കുക. KSRTC വസ്തുക്കളിൽ തേക്ക്, തണൽ മരങ്ങൾ എന്നിവ നട്ടുപിടിപ്പിക്കുക.

47. **പുതിയ ഓഫീസ്, ഡിപ്പോകൾ**

A. SM ഓഫീസുകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ, ഡിപ്പോകൾ എന്നിവ ആരംഭിക്കു ഈ സ്ഥലങ്ങളിലേക്ക് ആവശ്യമായ അധിക നിയമനം നടത്തിയെന്ന് ഉറപ്പുവരു ശേഷം മാത്രം നടപ്പാക്കുക.

B. ഇങ്ങനെ പുതിയവ ആരംഭിക്കുമ്പോൾ നിയമാനുസൃതം അംഗീകരിച്ച വസ്തു രേഖാമൂലം പട്ടയം വാങ്ങി, രേഖകൾ പൂർണ്ണമായ ശേഷം മാത്രം തുടങ്ങുക.

C. നിലവിലുള്ളിടങ്ങളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഇങ്ങനെ തുടങ്ങുന്ന സ്ഥലങ്ങളിൽ ജീവനക്കാർക്കും, യാത്രക്കാർക്കും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാൻ സംവിധാനം ഉറപ്പുവരുത്തുക.

48. **ഹാഫ് പേ ലീവ്**

എല്ലാ വിഭാഗം ജീവനക്കാർക്കും ഹാഫ് പേ ലീവ് അനുവദിക്കുക.

49. **ഇൻസ്പെക്ടർ മാർക്ക് പരിശീലനം**

എല്ലാ ഇൻസ്പെക്ടർമാർക്കും RTA മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനും അപകടങ്ങളിൽ അറ്റന്റ് ചെയ്യുന്നതിനും പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനും പ്രത്യേക പരിശീലനം നൽകുക.

50. എല്ലാ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകുന്നതിന് അതത് മേഖലകളിലുള്ള പ്രൊഫഷണലുകളെ നിയമിക്കുക. നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിലെ പരിശീലന സംവിധാനം അടിമുടി മാറുക.

51. **അവാർഡുകൾ**

എല്ലാ വർഷവും ജീവനക്കാരുടെ മക്കളിൽ ഉന്നത വിജയം നേടുന്നവർക്ക് KSRTC പ്രത്യേകം അവാർഡുകൾ, പാരിതോഷികങ്ങൾ എന്നിവ ഏർപ്പെടുത്തുക.

52. **ചാർജ് അലവൻസ്**

പ്രത്യേക സാഹചര്യങ്ങളിൽ സൂപ്പർ വൈസറി കാറ്റഗറികളിൽ മൂന്നുമാസത്തിലധികം ചാർജ് വഹിക്കേണ്ടിവരുന്നവർക്ക് ചാർജ് അലവൻസ് നൽകുക.

53. സൂപ്പർവൈസറി തസ്തികകളിലേക്ക് എംപാനൽ, താല്ക്കാലിക നിയമനം പൂർണ്ണമായി ഒഴിവാക്കുക, നിലവിൽ അത്തരം ആളുകളുണ്ടെങ്കിൽ അവരെ ഒഴിവാക്കി ആ തസ്തികകളിൽ പ്രൊമോഷനിലൂടെ നിയമിക്കുക.

54. **ഓഡിറ്റ് വിഭാഗം ശക്തമാക്കുക**

KSRTC യുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി ധനചോർച്ച ഒഴിവാക്കുക.

55. **തെരഞ്ഞെടുപ്പ് ഡ്യൂട്ടി**

തെരഞ്ഞെടുപ്പ് ദിവസം KSRTC ക്കായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു പോകേണ്ടിവരുന്ന ജീവനക്കാർക്ക് പോസ്റ്റൽ വോട്ട് അനുവദിക്കാൻ സർക്കാരിനോടും ഇലക്ഷൻ കമ്മീഷനോടും ആവശ്യപ്പെടുക.

56. കമ്പ്യൂട്ടർവത്ക്കരണം

സംസ്ഥാനത്തിൽ ആദ്യം കമ്പ്യൂട്ടർ വത്ക്കരണ ശ്രമം തുടങ്ങിയ KSRTC യിൽ ഇന്നും അത് തുടങ്ങിയിടത്തുതന്നെ തുടരുന്നു. ആ സ്ഥിതി മാറണം.

A. കമ്പ്യൂട്ടർ ബിരുദം ഉള്ള തൊഴിലാളികളെ KSRTC യിൽ നിന്നും തെരഞ്ഞെടുത്ത് പ്രത്യേത തസ്തിക സൃഷ്ടിച്ച് നിയമിച്ച് EDPC ശക്തമാക്കുക.

B. സമയബന്ധിതമായി KSRTC യുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുക.

C. കമ്പ്യൂട്ടർവതക്കരണ നടപടി ത്വരിതപ്പെടുത്താൻ യോഗ്യത നേടിയ ഏതെങ്കിലും ഏജൻസി യുടെ സഹായം തേടുക.

D. ഉന്നത കമ്പ്യൂട്ടർ യോഗ്യതയുള്ള ആളെ ഈ വിഭാഗത്തിന്റെ തലപ്പത്ത് നിയമിക്കുക.

57. ടാങ്കർ ലോറികളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ ഇരട്ടിയാക്കുക.

58. കഴിഞ്ഞ ശമ്പളപരിഷ്ക്കരണ കുടിശ്ശിക തൊഴിലാളികൾക്ക് നൽകുക.

59. ഓരോ സ്കോഡ് യൂണിറ്റിലും ഒരു ADE, ഒരു HVS എന്നിവരെക്കൂടി ഉൾപ്പെടുത്തുക. (ഇവരെ ടിക്കറ്റ് പരിശോധനയിൽ നിന്നും ഒഴിവാക്കണം).

60. കഴിഞ്ഞ ശമ്പളപരിഷ്ക്കരണ അനോമലി പരിഹരിക്കുക.

61. കഴിഞ്ഞ ശമ്പളക്കരാർ വ്യവസ്ഥ പ്രകാരം PSC ക്കു വിടാൻ നിശ്ചയിച്ചിരുന്ന തസ്തികക ളുടെ ലിസ്റ്റിൽ ലീഗൽ അസിസ്റ്റന്റ് കൂടി ഉൾപ്പെടുത്തുക. നടപടിക്രമങ്ങൾ പൂർത്തിയാക്കുക.

62. ഡ്യൂട്ടിയിലുണ്ടാകുന്ന അപകടങ്ങളിൽ മരണമടയുന്ന ജീവനക്കാരന് മരണാടിയന്തിര കർമ്മ ങ്ങൾക്ക് നൽകുന്ന തുക 25,000 രൂപയാക്കുക.

63. ജീവനക്കാരൻ സാധാരണ മരണമടഞ്ഞാൽ മരണാടിയന്തിര ചെലവുകൾക്ക് നൽകുന്ന തുക 10,000 ആക്കുക.

64. ഒരു ലക്ഷം രൂപവരെയുള്ള മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് യൂണിറ്റുകളിൽ അനുവദിക്കുക.

65. ഒരു കലണ്ടർ വർഷത്തിൽ 2 ഫാമിലി പാസ്സ് അനുവദിക്കുക.

66. കണ്ടക്ടർമാർക്ക് കാഷ് ബാഗ് നൽകിവന്ന നടപടി പുനഃസ്ഥാപിക്കുക.

67. ഓണം സ്പെഷ്യൽ അലവൻസ് ടി ദിവസങ്ങളിൽ ജോലിചെയ്യുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും അനുവദിക്കുക.

68. സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുക.

69. എല്ലാ അന്ധ-ബധിര-മൂക ജീവനക്കാർക്കും സ്ഥലംമാറ്റങ്ങളിൽ നിന്നും സംരക്ഷണം നൽകുക.

70. KSRTC യുടെ എല്ലാ ബസ്സുകളും ഇൻഷ്വർ ചെയ്യുക.

71. ജീവനക്കാരിൽ നിന്നും പിടിക്കുന്ന പങ്കാളിത്ത പെൻഷൻ ഫണ്ട് യഥാസമയം നിക്ഷേപിക്കു കയും, രേഖ തൊഴിലാളിക്ക് നൽകുകയും ചെയ്യുക,

72. മുൻ കരാറിലെ മാറ്റപ്പെടാത്ത എല്ലാ വ്യവസ്ഥകളും തുടർന്നും നടപ്പാക്കുക.

73. ജീവനക്കാരുടെ മേലുള്ള വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി അവയ്ക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുക.

74. 56 വയസ്സായി പിരിഞ്ഞുപോകുന്ന താത്ക്കാലിക തൊഴിലാളിക്ക് പെൻഷൻകാർക്ക് നൽ... പാസ്സ് അനുവദിക്കുക.

75. KSRTC ബസ്സുകളിൽ ശബ്ദം കൂടിയ ഹോണുകൾ ഉപയോഗിക്കുക.

76. PSC നിയമനം ലഭിക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ സമയബന്ധിതമായി ഉത്തരവിറക്കു...ന്നതിന് PSC യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുക.

**സർക്കാരിനോടുള്ള ആവശ്യങ്ങൾ**

1. പെൻഷൻ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക.

2. KSEB, KWA എന്നിവർക്ക് നൽകുന്നതുപോലെ KSRTC ക്കു നൽകുന്ന ഡീസലിന്റെ Tax ഒഴിവാക്കുക.

3. ദീർഘദൂര സൂപ്പർക്ലാസ്സ് സർവ്വീസായി നടത്തിവരുന്ന സ്വകാര്യ ബസ്സുകൾക്ക് ഓർഡിനറി സർവ്വീസായി നടത്താൻ സർക്കാർ നൽകിയ ഉത്തരവ് പിൻവലിക്കുക.

4. നിസ്സാര അപകടങ്ങൾക്കുപോലും ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദുചെയ്യുന്ന നടപടി ഒഴിവാക്കുക.

5. അപകടങ്ങളുണ്ടാകുമ്പോൾ കുറ്റക്കാരല്ലെങ്കിലും വലിയ വണ്ടിയുടെ ഡ്രൈവർക്കെതിരെ കേസ്സെടുക്കുന്ന പോലീസ് നടപടി അവസാനിപ്പിച്ച് യഥാർത്ഥ കുറ്റവാളിക്കെതിരെ കേസ്സെടുക്കുക.

6. സൗജന്യ യാത്രകളിലൂടെയും സർക്കാർ നിർദ്ദേശപ്രകാരം (MLA, MP, മന്ത്രി) നടത്തുന്ന വരുമാനമില്ലാത്ത സർവീസുകളുടെയും നഷ്ടം സർക്കാർ നൽകുക.

7. എല്ലാ താത്ക്കാലിക, എംപാനൽ, CLR, മസ്ദൂർ ജീവനക്കാരേയും സ്ഥിരപ്പെടുത്തുക.

8. A. ദേശസാത്ക്കരണം നയമായി നടപ്പാക്കുക.

   B. ദേശസാത്ക്കരണ റൂട്ടുകളിൽ സ്വകാര്യക്കാരെ കടന്നുവരാൻ അവസരമുണ്ടാക്കാതിരിക്കുക.

   C. ദീർഘദൂര സൂപ്പർക്ലാസ്സ്, ഓർഡിനറി സർവ്വീസുകൾ പൂർണ്ണമായും KSRTC യെ ഏല്പിക്കുക.

9. പുതിയ ഡിപ്പോ, ഓപ്പറേറ്റിംഗ് സെന്റർ എന്നിവ ആരംഭിക്കുമ്പോൾ അംഗീകരിച്ചിട്ടുള്ള സ്ഥലം അളന്നുതിരിച്ച് രേഖാമൂലം എഴുതി പട്ടയം പിടിച്ച് KSRTC ഏല്പിച്ചശേഷം മാത്രം പ്രവർത്തനം തുടരുക.

10. അനധികൃതപാരലൽ സർവീസുകൾ നിർത്തലാക്കുക.

TRANSPORT DEMOCRATIC FEDERATION (T.D.F) Reg. No. 01.06-2002 — N. B. S. VARADARAJAN NAIR SMARAKA MANDIRAM, THAMPANOOR, TRIVANDRUM-1

തമ്പാനൂർ രവി Ex. MLA

പ്രസിഡന്റ്

KERALA STATE
# ROAD TRANSPORT EMPLOYEES ASSOCIATION
AFFILIATED TO CITU & AIRTWF REGD. NO. 40/67
H.O. AZHIKODEN MEMORIAL BUILDING, MANJALIKULAM ROAD, THIRUVANANTHAPURAM - 695001 PHONE : 0471-2331244, 2330378 FAX : 0471-2327056

| President | Working President | General Secretary | Treasurer |
|---|---|---|---|
| KKOM VISWAN | K.K. DIVAKARAN Ex. MLA | C.K.HARIKRISHNAN | T. DILEEPKUMAR |

Date 23.01.2016

AHO/CMD/ 09 /15-16

CMD KSRTC 23 JAN 2016 THIRUVANANTHAPURAM

To

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ,
കെ.എസ്.ആർ.ടി.സി.,
തിരുവനന്തപുരം.

സർ,

വിഷയം: പുതിയ ശമ്പളപരിഷ്കരണ ചർച്ചക്കായി സമർപ്പിക്കുന്ന അവകാശ പത്രിക.

കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി 2016 ഫെബ്രുവരി 28 ന് അവസാനിക്കുകയാണല്ലോ. നിലനിൽക്കുന്ന വേതന പരിഷ്കരണ തത്വം സംരക്ഷിച്ച് 1-3-2016 മുതൽ 5 (അഞ്ച്) വർഷത്തേക്ക് വേതന പരിഷ്കരണം നടപ്പാക്കണം. പുതിയ ശമ്പളക്കരാർ ചർച്ചക്കായുള്ള അവകാശ പത്രിക ഇതോടൊപ്പം സമർപ്പിക്കുന്നു. പുതിയ ശമ്പളക്കരാർ നടപ്പാക്കുന്നതിനുള്ള ചർച്ച അടിയന്തിരമായി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സി.കെ. ഹരികൃഷ്ണൻ,
ജനറൽ സെക്രട്ടറി.

Copy to:

**KSRT എംപ്ലോയീസ് അസോസിയേഷൻ (CITU)**

**HO തിരുവനന്തപുരം**

★

# ശമ്പള പരിഷ്ക്കരണ ചർച്ചയ്ക്കുള്ള അവകാശ പത്രിക

★

# മുഖവുര

ഇൻഡ്യൻ ഭരണഘടനയുടെ നിർദ്ദേശ തത്വങ്ങൾ അനുസരിച്ച് ജീവനക്കാരന് മാന്യമായ ജീവിത സാഹചര്യവും സാമൂഹ്യ-സാംസ്കാരികാവസരങ്ങളും വിശ്രമവും ലഭിക്കുവാൻ ആവശ്യമായ കാര്യങ്ങൾ നിലവിലുള്ള വേതനഘടന ഉറപ്പാക്കുന്നില്ല. സംസ്ഥാന സർക്കാരുകൂടി കക്ഷിചേർന്ന് അംഗീകരിച്ചിട്ടുള്ള ആവശ്യാധിഷ്ഠിത മിനിമം വേതന തത്വത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വേതനം പരിഷ്കരിക്കണം. കഴിഞ്ഞ 5 (അഞ്ചു) വർഷത്തിനുള്ളിൽ നിത്യോപയോഗ സാധനങ്ങളുടേയും, വിദ്യാഭ്യാസ - ചികിത്സാ ചെലവുകളുടേയും, ഇതര വസ്തുക്കളുടേയും വില ഇരട്ടിയിലധികമായി വർദ്ധിച്ചതായി കാണുന്നു. ഈ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.യിൽ നിലനിൽക്കുന്ന 5 (അഞ്ച്) വർഷ വേതനപരിഷ്കരണ തത്വം സംരക്ഷിച്ച് 1-3-2016 മുതൽ 5 (അഞ്ച്) വർഷത്തേക്ക് വേതനപരിഷ്കരണം നടപ്പാക്കണം.

സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും, മറ്റു പ്രധാന പൊതുമേഖലാ ജീവനക്കാരുടേയും ശമ്പളപരിഷ്കരണം മാനദണ്ഡമാക്കി വേണം കെ.എസ്.ആർ.ടി.സി.യിലും ശമ്പളപരിഷ്കരണം നടത്തേണ്ടത്. ഏതെങ്കിലും കാരണവശാൽ 1-3-2016 ന് ശമ്പളപരിഷ്കരണം നടക്കാതെ വന്നാൽ എന്നാണോ നടക്കുന്നത് അന്നുവരെയുള്ള സാമ്പത്തിക ആനുകൂല്യം പണമായി നൽകേണ്ടതാണ്.

# അവകാശ പത്രിക

1. **കരാറിന്റെ കാലാവധി:**

   01-03-2016 മുതൽ 5 (അഞ്ച്) വർഷത്തേക്ക് ആയിരിക്കും.

2. **ക്ഷാമബത്ത:** ഗവ: ജീവനക്കാർക്ക് പ്രഖ്യാപിച്ച 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചുകൊണ്ടായിരിക്കണം പുതിയ കരാറിന് രൂപം നൽകേണ്ടത്.

3. **ശമ്പളസ്കെയിൽ:** മാസ്റ്റർ സ്കെയിലിലായിരിക്കണം നിലവിലുള്ള ശമ്പളസ്കെയിൽ തുടരേണ്ടത്. പുതിയ സ്കെയിൽ നിർദ്ദേശങ്ങൾ ചർച്ച ആരംഭിക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണ്.

4. **ഫിറ്റ്മെന്റ്:** നിലവിലുള്ള അടിസ്ഥാന ശമ്പളത്തിന്റെ 12% എടുക്കേണ്ടതും മിനിമം 2000/- രൂപയുമായിരിക്കേണ്ടതുമാണ്. (ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളത്തിന്റെ 23% വും അത് ക്രമാനുഗതം കുറഞ്ഞ് 12% ലേക്ക് എത്തിച്ചേരേണ്ടതുമാണ്.).

5. **വെയിറ്റേജ്:** പൂർത്തീകരിച്ച സർവ്വീസിന്റെ ½ %. പരമാവധി 15% ആയിരിക്കേണ്ടതാണ്. പരിധി 12000 (പന്ത്രണ്ടായിരം) രൂപയിൽ നിജപ്പെടുത്തേണ്ടതാണ്.

6. **വീട്ടുവാടക അലവൻസ്:** പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന്റെ 4% എന്ന നിരക്കിൽ നൽകേണ്ടതാണ്. കുറഞ്ഞത് 2,000 രൂപ ലഭിക്കണം.

7. **ഏറ്റവും കുറഞ്ഞ വേതനവർദ്ധനവ്:** 01.03.2016 ൽ സർവ്വീസിലുള്ള എല്ലാ ജീവനക്കാർക്കും മിനിമം 6500 രൂപ വേതനവർദ്ധനവ് നടപ്പാക്കണം.

8. **സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്:** മാസ്റ്റർ സ്കെയിൽ സമർപ്പിക്കുന്നതോടൊപ്പം തന്നെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുന്നതാണ്.

9. **ശമ്പളപരിഷ്കരണ കുടിശ്ശിക:** കരാർ പ്രാബല്യത്തിൽ വരാൻ കാലതാമസം നേരിടുകയാണെങ്കിൽ 01-03-2016 മുതൽ കരാർ നടപ്പിലാക്കുന്നതു വരെയുള്ള കുടിശ്ശിക തൊഴിലാളികൾക്ക് പണമായി തന്നെ നൽകണം.

10. **യാത്രാബത്ത:** സർക്കാരിന്റേതുപോലെ നടപ്പാക്കണം.

11. **മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്:** നിലവിലുള്ള 3 (മൂന്ന്) ലക്ഷം പരിധി വർദ്ധിപ്പിച്ച് 5 (അഞ്ച്) ലക്ഷമാക്കേണ്ടതാണ്. സർക്കാർ ആശുപത്രികളിൽ നിന്നുള്ള റഫറൻസ് വേണം എന്ന നിബന്ധന അടിയന്തിര ഘട്ടങ്ങളിൽ ഒഴിവാക്കുക. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലെ ചികിത്സക്ക് റീ-ഇംബേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. ആശുപത്രി ചെലവ്, മരുന്നുകളുടെ വില എന്നിവ

യുടെ യഥാർത്ഥ ചെലവ് അനുവദിക്കണം. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അഡ്വാൻസ് തുക വർദ്ധിപ്പിക്കണം. താൽക്കാലിക ജീവനക്കാർക്കും അനുവദിക്കണം.

12. **അലവൻസുകൾ:** അലവൻസുകൾ കാലികമായി വർദ്ധിപ്പിക്കണം. കൂടുതൽ നിർദ്ദേശം ചർച്ചാവേളയിൽ ഉന്നയിക്കുന്നതാണ്.

13. **ഇൻഷ്വറൻസ് സ്കീം:** നിലവിലെ അപകട ഇൻഷ്വറൻസ് സ്വാഭാവിക മരണത്തിനും ബാധകമാക്കണം. ഈ സ്കീമിൽ താൽക്കാലിക ജീവനക്കാരേയും ഉൾപ്പെടുത്തണം. ജീവനക്കാർക്ക് ഹെൽത്ത്പാക്കേജ് ഏർപ്പെടുത്തണം.

14. **യാത്രാ പാസ്:** 10 വർഷം സേവനകാലം പൂർത്തീകരിക്കുന്നവർക്കും, അതിനുമുമ്പ് പ്രമോഷൻ ലഭിക്കുന്നവർക്കും ത്രൂഔട്ട് സിസ്റ്റം പാസ് നൽകണം. എ.സി. ബസുകളിൽ പാസ് അനുവദിക്കണം. താൽക്കാലിക ജീവനക്കാർക്ക് ഡ്യൂട്ടിയുടെ അടിസ്ഥാനത്തിൽ പ്രിവിലേജ് പാസ് അനുവദിക്കണം. (20 ഡ്യൂട്ടിക്ക് 1 എന്ന കണക്കിൽ).

15. **ആർജ്ജിതാവധി:** തനതുവർഷം തന്നെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുവദിക്കണം. സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കണം.

16. **ഡ്യൂട്ടി സറണ്ടർ:** നിലവിലുള്ള ഡ്യൂട്ടി സറണ്ടർ സമ്പ്രദായം നിലനിർത്തിക്കൊണ്ട് മെക്കാനിക്കൽ വിഭാഗം ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും അധിക ഡ്യൂട്ടി സറണ്ടർ ചെയ്യുന്നതിന് അനുവദിക്കണം.

17. **ജാമ്യം എടുക്കൽ:** ഡ്യൂട്ടിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന കേസുകളിൽ ബന്ധപ്പെട്ട ജീവനക്കാരെ പോലീസ് സ്റ്റേഷനുകളിൽ നിന്നും കോടതികളിൽ നിന്നും കോർപ്പറേഷന്റെ ചെലവിൽ തന്നെ ജാമ്യം എടുത്ത് മോചിപ്പിക്കണം. ജാമ്യം നിൽക്കുന്ന ജീവനക്കാർക്ക് ഉപാധികളില്ലാതെ ഹാജർ അനുവദിക്കണം. ഇത് അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന കേസുകൾക്ക് ബാധകമാക്കുകയും ബന്ധപ്പെട്ട സ്ഥലത്തേക്കുള്ള യാത്രാസമയം ഡ്യൂട്ടിയായി പരിഗണിക്കുകയും വേണം. താൽക്കാലിക ജീവനക്കാർക്ക് കൂടി അനുവദിക്കണം.

18. **രക്തദാനം:** രക്തം ദാനം ചെയ്യുന്ന ജീവനക്കാർക്ക് ഉപാധികളില്ലാതെ അവധി അനുവദിക്കണം. ഇത് താൽക്കാലിക ജീവനക്കാർക്കും ബാധകമാക്കണം.

19. **അവശതാവധി:** ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപ്പെട്ട് ദീർഘകാലം ജോലി ചെയ്യാൻ നിർവ്വാഹമില്ലാതെ വരുന്ന ജീവനക്കാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണം. ഇത് അസ്ഥിരം ജീവനക്കാർക്കും ബാധകമാക്കണം.

20. **പ്രത്യേകാവധി:** ഗുരുതര രോഗങ്ങളുടെ ചികിത്സാഭാഗമായി കീമോ തെറാപ്പി, റേഡിയേഷൻ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ഓപ്പൺ ഹാർട്ട് സർജറി, ആൻജിയോപ്ലാസ്റ്റ് തുടങ്ങിയ ചികിത്സകൾക്ക് വിധേയ രാവുന്ന ജീവനക്കാർക്ക് പ്രത്യേകാവധി അനുവദിക്കണം. ജോലിക്കിട യിൽ ഉണ്ടാകുന്ന അപകടങ്ങളിൽപെട്ട് അംഗഭംഗം വന്ന ജീവനക്കാർക്കും ഈ അവധി നൽകണം. താൽക്കാലിക ജീവനക്കാർക്കും ഇത് ബാധക മാക്കണം.

21. **പ്രസവാവധി:** സർക്കാരിലേതുപോലെ തുടരണം. വനിതാ കണ്ട ക്ടർമാർക്ക് ഒരുവർഷം വരെ ലൈൻ ഡ്യൂട്ടി ഒഴിവാക്കണം. പുരുഷ ജീവനക്കാർക്ക് പെറ്റേണിറ്റി ലീവ് സർക്കാരിലേതുപോലെ അനുവദിക്കണം.

22. **മരണാനന്തര ചെലവ്:** കൃത്യനിർവ്വഹണത്തിനിടയിൽ അപകടം മൂലമോ, അസുഖം മൂലമോ സംഭവിക്കുന്ന മരണത്തിന് 25,000/- രൂപ നൽകുക, ഇൻഷ്വറൻസ് പരിരക്ഷക്കു പുറമേ 5 ലക്ഷം രൂപ കുടുംബസ ഹായധനമായി പ്രത്യേകം നൽകുക. ഇപ്പോൾ ശവസംസ്ക്കാര ചെല വായി നൽകുന്ന 2000 രൂപ 10,000 ആയി ഉയർത്തുക. ഈ സഹായങ്ങൾ മറ്റ് സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചുപിടിക്കാൻ പാടില്ലാ ത്തതും താൽക്കാലിക ജീവനക്കാർക്കുകൂടി അനുവദിക്കേണ്ട തുമാണ്.

23. **കണ്ണട അലവൻസ്:** ഇപ്പോഴുള്ള 1000 ൽ നിന്നും 2500 ആയി വർദ്ധിപ്പിച്ച് 3 വർഷത്തിലൊരിക്കൽ നൽകുക.

24. **യൂണിഫോം:** പ്രതിവർഷം 3 ജോടി അനുവദിക്കുക. അല്ലെങ്കിൽ അല വൻസ് പ്രതിവർഷം 5000 രൂപ അനുവദിക്കുക.

25. **ഷൂ അലവൻസ്:** 2000 രൂപ ആക്കുക, കൃത്യമായി വിഷുവിനു മുമ്പുതന്നെ വിതരണം ചെയ്യുക.

26. **അവധി:** സർക്കാർ പ്രഖ്യാപിക്കുന്ന എല്ലാ അവധികളും കെ.എസ്.ആർ. ടി.സി.ക്കും ബാധകമാക്കുക. താൽക്കാലിക ജീവനക്കാർക്കും ബാധകമാ ക്കുക.

27. **ലീഗൽ റീ-ഇംബേഴ്സ്മെന്റ്:** നിലവിലെ ലീഗൽ റീ-ഇംബേഴ്സ്മെന്റ് 1500 രൂപ എന്നുള്ളത് 7500 രൂപയായി വർദ്ധിപ്പിക്കുക. ബന്ധപ്പെട്ട കേസു മായി കോടതിയിൽ ഹാജരാകുന്ന മുഴുവൻ ദിവസങ്ങളിലും ബി. ഡയറി യുടെ അടിസ്ഥാനത്തിൽ അവധി അനുവദിക്കുക. താൽക്കാലിക ജീവന ക്കാർക്കും ബാധകമാക്കണം.

28. **പ്രമോഷൻ:** നിലവിലെ പ്രമോഷൻ മാനദണ്ഡം പുന:ക്രമീകരിക്കണം. ഹയർ ഡിവിഷൻ ഓഫീസർ കേഡറിലേക്ക് 1% പ്രമോഷൻ എന്നത് നിർബ ന്ധമായും നടപ്പിലാക്കുക. എല്ലാ വിഭാഗം സൂപ്പർവൈസറി പോസ്റ്റുകളു ടേയും എണ്ണം വർദ്ധിപ്പിക്കുക. ജീവനക്കാരുടെ സ്ട്രെംഗ്ത് പുനർനിർണ്ണ

യിച്ച് അർഹതപ്പെട്ടവർക്ക് സൂപ്പർവൈസറി കേഡറിലേക്ക് പ്രമോഷൻ നൽകുക. ചീഫ് ഓഫീസിലെ എ.ഒ. തസ്തികകൾ നിലനിർത്തിക്കൊണ്ടു തന്നെ ഡി.ടി.ഒ. മാരുടെ ഓഫീസുകളിലും എ.ഒ. മാരെ പോസ്റ്റുചെയ്യുക.

എല്ലാ ഓപ്പറേറ്റിംഗ് സെന്ററുകളിലും ഉൾപ്പെടെ മതിയായ ADE മാരെ പോസ്റ്റ് ചെയ്യുക.

എ.ഡി.ഇ. പോസ്റ്റിലേക്ക് ടെസ്റ്റ്ഒഴിവാക്കി സീനിയോറിറ്റി മാനദണ്ഡമാക്കി പ്രമോഷൻ നൽകുക.

ഓപ്പറേറ്റിംഗ്സെന്ററുകളിലും യൂണിറ്റുകളിലും DE മാരെ പോസ്റ്റുചെയ്യുക.

വിവിധ മെക്കാനിക്കൽ വിംഗുകളിൽ നിന്ന് സീനിയോറിറ്റി അനുസരിച്ച് അതാതു കാറ്റഗറികളിലേക്ക് സി.എം. പ്രമോഷൻ നൽകുക.

Black Smith പ്രമോഷൻ മറ്റ് മെക്കാനിക്കൽ വിഭാഗത്തിലെപോലെ തന്നെ സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ അനുവദിക്കുക.

ഡി.ഇ. പോസ്റ്റിലേക്ക് 1:1 എന്ന അനുപാതം കൃത്യമായും നിലനിർത്തുക.

VS തസ്തികയിലെ എണ്ണം വർദ്ധിപ്പിക്കുകയും, കൃത്യമായി പ്രമോഷൻ നൽകുകയും ചെയ്യുക.

V/S മാരുടെ എണ്ണത്തിൽ നിലവിലുള്ള തത്വത്തിൽ നിന്നും പരിഷ്കരണം വേണം. Strength പരിശോധിച്ച് V/S മാരുടെ എണ്ണം പുനർ നിർണ്ണയിക്കണം. ഷണ്ടിംഗ്,B/D ഡ്യൂട്ടികൾക്കായി പ്രത്യേകം ഡ്രൈവറെ പോസ്റ്റ് ചെയ്യണം. (V/S മാരെ യാതൊരു കാരണവശാലും ഈ ഡ്യൂട്ടികൾക്ക് നിയോഗിക്കാൻ പാടില്ല).

ജില്ലയിൽ 1 എന്ന തോതിൽ വി.എം.ഒ. (VMO) പോസ്റ്റ് വർദ്ധിപ്പിക്കുക.

ഡ്രൈവർ വിഭാഗത്തിന് ഷണ്ടിംഗ് ഡ്യൂട്ടി സെമി സൂപ്പർവൈസറി തസ്തികയായി അനുവദിക്കണം.

എല്ലാ യൂണിറ്റുകളിലും ATO മാരെ പോസ്റ്റ് ചെയ്യുക.

സ്വീപ്പർ-കം-സ്കാവഞ്ചർ തസ്തികയിൽ ജോലിചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് പ്യൂൺ തസ്തികയിൽ ഒഴിവുണ്ടായിട്ടും പ്രമോഷൻ നൽകാതിരിക്കുന്ന അവസ്ഥ നിലവിലുണ്ട്. ഇതിനു പരിഹാരം കാണുക. മുഴുവൻ ആളുകൾക്കും പ്യൂൺ ആയി പ്രമോഷൻ നൽകുകയും വേണം.

28. **പ്രത്യേക അലവൻസുകൾ:**

എ) ദുഷ്കരമായ സാഹചര്യത്തിൽ ജോലിചെയ്യേണ്ടിവരുന്നതുകൊണ്ട് കെ.എസ്ആർ.ടി.സി.യിലെ ഡ്രൈവർമാർ ശാരീരികമായും മാനസികമായും കടുത്ത സംഘർഷമാണ് അനുഭവിക്കുന്നത്. അതുകൊണ്ട് ലൈൻ ഡ്യൂട്ടി ചെയ്യുന്ന മുഴുവൻ ഡ്രൈവർമാർക്കും ശമ്പളത്തോടൊപ്പം 1000 രൂപ വീതം പ്രതിമാസ അലവൻസായി (High Risk Allowance) നൽകണം.

ബി) വിവിധ യൂണിറ്റുകളിലെ ജീപ്പ് ഡ്രൈവർമാർ, സ്ക്വാഡു യൂണിറ്റുകളിലെ ജീപ്പ് ഡ്രൈവർമാർ, സ്റ്റാഫ് കാർ ഡ്രൈവർമാർ, വർക്ക് ഷോപ്പ് വാൻ ഡ്യൂട്ടിചെയ്യുന്ന ജീവനക്കാർ തുടങ്ങിയവർക്ക് ഷെഡ്യൂൾ ഡ്യൂട്ടിയിൽ അധികരിച്ചുവരുന്ന മണിക്കൂറുകൾക്ക് അധികവേതനം അനുവദിക്കണം.

സി) 8 മണിക്കൂറിലധികം ജോലിചെയ്യേണ്ടിവരുന്ന സ്ക്വാഡു യൂണിറ്റുകളിലേയും യൂണിറ്റുകളിലേയും ഇൻസ്പെക്ടർമാർക്ക് പ്രത്യേക അലവൻസ് അനുവദിക്കുക.

ഡി) T&C യിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് അഡീഷണൽ അലവൻസ് അനുവദിക്കണം. താൽക്കാലിക ജീവനക്കാർക്കും ബാധകമാക്കണം.

ഇ) നിലവിലുള്ള മറ്റ് അലവൻസുകളെ സംബന്ധിച്ച് 'അലവൻസുകൾ' എന്ന ശീർഷകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

29. **എംപാനൽ/സി.എൽ.ആർ. ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ:**

നിലവിലുള്ള മുഴുവൻ എംപാനൽ/സി.എൽ.ആർ. ജീവനക്കാരേയും സ്ഥിരപ്പെടുത്തണം. എംപാനൽ നിയമനം അവസാനിപ്പിക്കണം. ഏതെങ്കിലും കാരണവശാൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും ആളെ ലഭ്യമായില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തണം. ഇങ്ങനെ നിയമിക്കപ്പെടുന്നവർക്ക് അതാതു കാറ്റഗറികളിൽപ്പെട്ട സ്ഥിരം ജീവനക്കാർക്കു നൽകുന്നതുപോലെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണം. ഭിന്ന ശേഷിക്കാരായ അസ്ഥിരം ജീവനക്കാരെ കാലപരിധി നോക്കാതെ സ്ഥിരപ്പെടുത്തണം. ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രതിമാസ അലവൻസ് അനുവദിക്കണം. ഭിന്നശേഷിക്കാരായ കുട്ടികളുള്ള ജീവനക്കാരായ മാതാപിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസത്തന് ധനസഹായം അനുവദിക്കണം.

30 **എംപാനൽ വേതനം:** നിലവിലുള്ള എംപാനൽ/സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതുവരെ 8 മണിക്കൂർ ഡ്യൂട്ടിക്ക് പ്രതിദിന വേതനമായി ചുരുങ്ങിയത് 600 രൂപ അനുവദിക്കണം.

31 **അനോമലി പരിഹരിക്കുക:**

(1) അൺ അഡ്വൈസ്ഡ് ആയി നിയമിക്കപ്പെട്ട കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തിയപ്പോൾ അവരുടെ മുൻകാല സർവ്വീസ് പരിഗണിക്കുകയുണ്ടായില്ല. തന്മൂലം അവർക്ക് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാനായി ഈ വിഭാഗം ജീവനക്കാർക്ക് അഡീഷണൽ ഇംക്രിമെന്റ് അനുവദിച്ച് സാമ്പത്തിക നഷ്ടം പരിഹരിക്കുക.

(2) വിവിധ വിഭാഗം ജീവനക്കാർ ഗ്രേഡ് പ്രമോഷനുകൾ പൂർത്തിയാക്കാതെ പ്രമോട്ടു ചെയ്യപ്പെട്ടതിന്റെ ഫലമായി ജൂനിയർ സീനിയറേക്കാൾ കൂടുതൽ ശമ്പളം വാങ്ങുന്ന അവസ്ഥയുണ്ട്. (ഉദാ: സ്പെഷ്യൽ ഗ്രേഡ് പൂർത്തിയാക്കാതെ VS ആക്കപ്പെട്ടവർ, സീനിയർ അസിസ്റ്റന്റ് ആകാതെ സൂപ്രണ്ടാക്ക

പ്പെട്ടവർ, സ്പെഷ്യൽ ഗ്രേഡ് മെക്കാനിക് ആകാതെ ചാർജുമാൻ പ്പെട്ടവർ മുതലായവർ). ഈ നഷ്ടം പരിഹരിക്കുന്നതിന് ഫിക്സേഷ ആനുകൂല്യം അനുവദിക്കണം.

(3) 2003 ൽ ആശ്രിത നിയമനം നടത്തിയത് Conductor Post ലേക്കാണ്. ഉയർന്ന യോഗ്യതയുള്ളവരേയും മറ്റ് പോസ്റ്റുകളിൽ നിയമനം ലഭിക്കാൻ അർഹതയുള്ളവരേയും ക്ലാർക്ക്, സ്റ്റോർ ഇഷ്യൂവർ ആക്കി മാറ്റുകയുണ്ടായി. ഇവരുടെ പ്രഥമ നിയമനം മുതലുള്ള സർവ്വീസ് ആനുകൂല്യങ്ങൾ നൽകണം.

(4) 8 വർഷം പൂർത്തിയാക്കിയ എംപാനലുകാരെ സ്ഥിരപ്പെടുത്തിയപ്പോൾ മെക്കാനിക്കൽ വിഭാഗം എന്ന് മാത്രമാണ് ഉത്തരവിറക്കിയത്. (എന്നാൽ C/B, B/S, Tinker, Painter തുടങ്ങിയ വിഭാഗവും ഇതിൽ ഉൾപ്പെട്ടിരുന്നു). വർക്ക്ഷോപ്പുകളിൽ ഇവരെ മാറ്റി വിന്യസിപ്പിക്കുമ്പോൾ മെക്കാനിക്കൽ ജോലിചെയ്യുവാൻ നിർബന്ധിതരാവുന്നു. അവരെ അതാത് കാറ്റഗറിയാക്കി പുനർനിർണ്ണയിക്കണം.

32. **പെൻഷൻ:** പെൻഷൻ ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കുക. സർവ്വീസ് പെൻഷൻ, കുടുംബ പെൻഷൻ, എക്സ്ഗ്രേഷ്യാ പെൻഷൻ എന്നിവ നിലവിലെ ജീവിത നിലവാരത്തിനനുസരിച്ച് പരിഷ്ക്കരിക്കുക.

പെൻഷൻകാർക്ക് മെഡിക്കൽ അലവൻസായിട്ട് പ്രതിമാസം 500 രൂപ അനുവദിക്കണം.

പെൻഷൻകാർക്ക് വർഷത്തിൽ 2 പ്രാവശ്യം ഫാമിലി പാസ്സ് അനുവദിക്കണം.

കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവ നിരക്കു വർദ്ധിപ്പിച്ച് സർക്കാരിനു തുല്യമാക്കി നൽകുക.

ഡ്രൈവർമാർക്ക് ഫുൾ പെൻഷന് പ്രത്യേക ഇളവ് അനുവദിക്കണം.

ഗ്രാറ്റുവിറ്റിക്ക് പരമാവധി യോഗ്യതാ സേവനകാലം 33 വർഷം എന്ന ഉയർന്ന പരിധി ഒഴിവാക്കണം.

ഫുൾപെൻഷന് നിലവിലുള്ള 30 വർഷസേവനകാലാവധി കുറയ്ക്കണം.

1-4-2013 നുശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിധിയിൽ കൊണ്ടുവരണം. അവരിൽ നിന്നും നിർബന്ധപൂർവ്വം പിടിച്ചെടുത്ത തുക തിരികെ നൽകണം.

സർവ്വീസിൽ ഇരിക്കവേ മരണമടയുന്നവരുടെ കുടുംബത്തിന് 18 മാസത്തെ ശമ്പളം മിനിമം ഗ്രാറ്റുവിറ്റിയായി നൽകണം.

കുറഞ്ഞ സർവ്വീസുള്ളവർക്കും ഈ ഗ്രാറ്റുവിറ്റി ബാധകമാക്കണം.

വോളന്ററി റിട്ടയർമെന്റിനുള്ള (VRS) 20 വർഷത്തെ കാലാവധി കുറയ്ക്കണം. ശാരീരികമായി അവശതയുള്ളവർ ആവശ്യപ്പെട്ടാൽ VRS ന് അവസരം

നൽകണം. ശാരീരികമായി അവശത അനുഭവിക്കുന്നവർക്ക് ലോവർ കാറ്റഗറി യിലേക്ക് മാറ്റം അനുവദിക്കണം.

## ഇതര ആവശ്യങ്ങൾ

**വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കുക:**

കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള വിജിലൻസ് വിഭാഗം ട്രാൻ: മാന്വലിലെ വ്യവസ്ഥകൾ അനുസരിച്ച് പുനഃസംഘടിപ്പിക്കുക. അതാതു കാറ്റഗറികളുടെ സൂപ്പർവൈസറി വിഭാഗത്തിനെ കൂടി വിജിലൻസ് വിഭാഗ ത്തിൽ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുക.

MOP യിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രം മിനിസ്റ്റീരിയൽ വിഭാഗ ത്തിലെ പരിശോധന നിർവ്വഹിക്കുക.

കെ.എസ്.ആർ.ടി.സി.യിലെ ഇൻസ്പെക്ടർമാരുടെ കടമകളും ഉത്തരവാ ദിത്വങ്ങളും ട്രാൻ: മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്ക്കരി ക്കുക. (വിശദാംശങ്ങൾ ചർച്ചാവേളയിൽ സമർപ്പിക്കുന്നതാണ്.)

**പരിശീലനം:** എല്ലാവിഭാഗം ജീവനക്കാർക്കും സോണൽ അടിസ്ഥാനത്തിൽ പരിശീലനവും പുനർപരിശീലനവും നിർബന്ധമാക്കുക.

ആധുനിക സാങ്കേതിക വിദ്യയുടെ മാറ്റത്തിനനുസൃതമായി പരിശീലനം നിർബന്ധിതമാക്കുക.

ഡ്രൈവിംഗ് നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണം. ഇന്ധനക്ഷമത, അപകടങ്ങൾ ഒഴിവാക്കൽ, മെച്ചപ്പെട്ടപെരുമാറ്റം, വരുമാന വർദ്ധന തുടങ്ങിയവക്ക് മുൻതൂക്കം നൽകു ന്നതാവണം പരിശീലനം.

# VMO മാരുടെ സേവനം ഉപയോഗിക്കണം. ട്രെയിനിംഗിന് എത്തുന്ന വർക്ക് ഭക്ഷണ, താമസസൗകര്യം നിർബന്ധമായും നൽകണം.

# കെ.എസ്.ആർ.ടി.സി.ക്ക് ആസൂത്രണവിഭാഗമില്ല. ഈ രംഗത്തെ പ്രഗൽഭരെ ഉപയോഗിച്ച് അടിയന്തിരമായി ആസൂത്രണവിഭാഗവും റിസർച്ച് & ഡവലപ്മെന്റ് വിഭാഗവും ആരംഭിക്കണം. റീജിയണൽ വർക്ക്ഷോപ്പുകളെ പരിശീലന കേന്ദ്രങ്ങളായും, മികവിന്റെ കേന്ദ്ര ങ്ങളായും, (സെന്റർ ഓഫ് എക്സലൻസ്) മാറ്റിയെടുക്കണം.

# ശാരീരികാവശത അനുഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സമയപരിധിയില്ലാതെ ലൈറ്റ് ഡ്യൂട്ടി അനുവദിക്കേണ്ടതാണ്.

# 2006 ൽ സർവ്വീസിൽ പ്രവേശിച്ച മെക്കാനിക്കുകളുടെ ട്രെയി നിംഗ് പീരിയഡ് സർവ്വീസായി പരിഗണിക്കണം.

# എല്ലാ പ്രമോഷൻ തസ്തികകളിലും 5 വർഷം പൂർത്തീകരിച്ചവർക്ക് അടുത്ത പ്രമോഷൻ ലഭിക്കാത്ത സാഹചര്യത്തിൽ ഗ്രേഡ് പ്രമോഷൻ നൽകണം. ഗ്രേഡുകളുടെ കാലാവധി കുറയ്ക്കണം. ഇതു സംബന്ധമായ നിർദ്ദേശങ്ങൾ ചർച്ചാ സമയത്ത് സമർപ്പിക്കുന്നതാണ്.

# രണ്ടാം ശനിയാഴ്ച അവധി ഏകീകരിക്കണം.

# ASK യുടെ അഭാവത്തിൽ ASK യുടെ ജോലി ചെയ്യുന്ന സ്റ്റോർ ജീവനക്കാർക്ക് അലവൻസ് അനുവദിക്കുക.

# കാറ്റഗറി മാറിയവർക്ക് ആദ്യ കാറ്റഗറിയിൽ ജോലി ചെയ്ത കാല ദൈർഘ്യം കൂടി കണക്കിലെടുത്ത് ഫിക്സേഷൻ ആനുകൂല്യം അനുവദിക്കുക.

# കെ.എസ്.ആർ.ടി.സി.യുടെ നിയമനങ്ങൾ ജില്ലാടിസ്ഥാനത്തിൽ ആക്കുക.

# കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി അസിസ്റ്റന്റ് നിയമനം നടത്തുന്നതിന് പി.എസ്.സി.ക്ക് ശുപാർശ ചെയ്യുക.

# താൽക്കാലിക ജീവനക്കാരുടെ പെനാൽറ്റി 1000 രൂപയും ഷോർട്ട് റമിറ്റൻസിന് നാലിരട്ടിയും എന്നത് ഒഴിവാക്കുക.

# കമ്പ്യൂട്ടർവൽക്കരണം ശാസ്ത്രീയമായി നടപ്പിൽ വരുത്തുകയും കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തിക പുതുതായി കരാറിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

# ഡ്രൈവർ-കം-കണ്ടക്ടർ, കണ്ടക്ടർ-കം-ഡ്രൈവർ സംവിധാനം നടപ്പിൽ വരുത്തുക, പുതിയ സ്കെയിലും തസ്തികയും കരാറിന്റെ ഭാഗമാക്കുക. അതിനുതകും വിധം മോട്ടോർ വെഹിക്കിൾ ആക്ടിൽ മാറ്റം വരുത്തണം. വിശദാംശം ചർച്ചാവേളയിൽ സമർപ്പിക്കുന്നതാണ്.

# എല്ലാവിഭാഗം ജീവനക്കാർക്കും ഡ്യൂട്ടിക്കിടയിൽ ഭക്ഷണത്തിനും വിശ്രമത്തിനും സമയം അനുവദിക്കണം.

# ഗർഭിണികളായ ജീവനക്കാർക്ക് ആയാസരഹിതമായ ഡ്യൂട്ടികൾ ക്രമീകരിക്കുക.

# വനിതാ ജീവനക്കാർക്ക് എല്ലാ യൂണിറ്റുകളിലും ആധുനികവും സുരക്ഷിതവുമായ വിശ്രമസൗകര്യം ഏർപ്പെടുത്തുക. കണ്ടക്ടർ സീറ്റ് സിംഗിൾ സീറ്റ് ആക്കുക.

# ഓപ്പറേറ്റിംഗ് വിഭാഗം (വനിത) ജീവനക്കാർക്ക് (വനിതാകണ്ടക്ടർ, മെക്കാനിക്ക് ഡ്രൈവർ മുതലായവർ) രാത്രികാല ഡ്യൂട്ടി ഒഴിവാക്കുക.

# ആക്സിഡന്റ്, ബ്രേക്ക് ഡൗൺ ആവുന്ന സാഹചര്യങ്ങളിൽ നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതുവരെ കാത്തുനിൽക്കാതെ രാത്രിയാകുന്നതിന് മുമ്പുതന്നെ വനിതാ ജീവനക്കാരെ വിടുതൽ (റിലീവിംഗ്) ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സോണൽ ഓഫീസുകൾ വ്യവസ്ഥാപിത ഭരണ കേന്ദ്രം ആക്കുക. അധികാര വികേന്ദ്രീകരണം നടപ്പാക്കണം. സോണൽ ഓഫീസറുടെ അധികാരങ്ങൾ നിർവ്വചിക്കുക. റൂൾ 16 പ്രകാര മുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കൊടുക്കുക. മാനേജുമെന്റിന്റെ മനോധർമത്തിനു അനുസൃതമായി സോണൽ ഓഫീസർമാരെ നിയോഗിക്കുന്ന രീതി അവസാനിപ്പിച്ച് വ്യവസ്ഥാപിതമായ രീതിയിൽ നിയമനം നൽകുക.

Spread Over നു ശേഷവും അധിക ഡ്യൂട്ടി എടുക്കേണ്ടുന്ന ജീവനക്കാർക്കു അധിക സമയത്തിനുള്ള അലവൻസ് നൽകണം.

<u>സെക്യൂരിറ്റി വിഭാഗം:</u> എല്ലാ യൂണിറ്റുകളിലും അസിസ്റ്റന്റ് സർജന്റ് പോസ്റ്റും, ഡി.റ്റി.ഒ. മാരുടെ ഓഫീസുകളിലും, വർക്ക് ഷോപ്പുകളിലും സർജന്റ് പോസ്റ്റും ഏർപ്പെടുത്തുക. താത്കാലിക സെക്യൂരിറ്റി ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.റ്റി.സി. നേരിട്ടു നൽകുക.

പി.എസ്.സി. ലിസ്റ്റിൽ നിന്നും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതുവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമിക്കുക. ഈ രംഗത്ത് നിന്ന് ഇടനിലക്കാരെ ഒഴിവാക്കുക.

താത്ക്കാലിക സെക്യൂരിറ്റി ജീവനക്കാർക്കും യൂണിഫോം അലവൻസ്, ഷൂ അലവൻസ് തുടങ്ങിയവ അനുവദിക്കുക.

ടയർ ഇൻസ്പെക്ടർമാർക്ക് പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭ്യമായതുമൂലം ഉണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് ഫിക്സേഷൻ ആനുകൂല്യം അനുവദിക്കുക.

പെയ്ഡ് അപ്രന്റീസുകൾക്കു പാസ് അനുവദിക്കണം.

ഗ്യാരേജുകൾ ആധുനികവൽക്കരിക്കണം.

നിലവിലുള്ള ട്രാൻസ്ഫർ ഗൈഡ്‌ലൈൻ കാലോചിതമായി പരിഷ്ക്കരിക്കണം.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ട്രാൻ:സഹകരണ സംഘങ്ങൾക്ക് വാടക ഇല്ലാതെ ഓഫീസ് സൗകര്യം അനുവദിക്കുക. ഇത് സംബന്ധിച്ച് നിലവിലുള്ള കേസുകൾ പിൻവലിക്കുകയും വാടക കുടിശ്ശികകൾ ഒഴിവാക്കുകയും ചെയ്യുക.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളോടും വർക്ക്ഷോപ്പുകളോടും അനുബന്ധിച്ചു മെച്ചപ്പെട്ട ഭക്ഷണം മിതമായ നിരക്കിൽ നൽകുവാൻ കാന്റീൻ സംവിധാനം ഏർപ്പെടുത്തുക.

കാന്റീൻ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയോ പുതിയതായി കാന്റീൻ അനുവദിക്കുകയോ ചെയ്യുമ്പോൾ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്തുമാത്രം തീരുമാനം എടുക്കുക.

കെ.യു.ആർ.റ്റി.സി. യെ കെ.എസ്.ആർ.ടി.സി.യുടെ സബ്സിഡിയറി കമ്പനിയായി നിലനിർത്തുക.

വിരമിച്ച ജീവനക്കാരെ പുനർ നിയമിക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കുക.

സേവന വ്യവസ്ഥകൾ അംഗീകൃത യൂണിയനുകളുമായി ആലോചിച്ചു മാത്രം തീരുമാനിക്കുക.

അശാസ്ത്രീയമായ കോസ്റ്റ് ഓഫ് ഡാമേജ് ഈടാക്കൽ അവസാനിപ്പിക്കുക

ബ്രേക്ക് ഡൗൺ ബാറ്റ കൊടുക്കുന്നതിനുള്ള ദൂരപരിധി 8 കി.മീറ്ററിൽ നിന്നും 5 കി.മീറ്റർ ആക്കി കുറയ്ക്കണം.

ഫാമിലി പാസ് വർഷത്തിൽ 2 എണ്ണം ആക്കി ഉയർത്തണം.

പ്രിവിലേജ് പാസ്സുകളുടെ എണ്ണം 20 ആക്കി ഉയർത്തണം.

ഹോം ജില്ലക്ക് പുറത്ത് ജോലി ചെയ്യുന്നവരുടെ പ്രിവിലേജ് പാസ്സിന്റെ എണ്ണം വർദ്ധിപ്പിക്കണം

ആർജിത അവധി സർക്കാർ ജീവനക്കാരുടേതിന് തുല്യമാക്കണം.

പ്രാദേശിക അവധി എല്ലാ യൂണിറ്റുകൾക്കും ലഭ്യമാക്കണം.

ബസ്സ് വൃത്തിയാക്കുവാനും കഴുകുവാനും ആധുനിക സംവിധാനം ഏർപ്പെടുത്തണം.

ഇതിലേർപ്പെടുന്ന ജീവനക്കാർക്ക് മിനിമം വേതനം ഏർപ്പെടുത്തണം.

സർവ്വീസിനിടയിൽ ബ്രേക്ക് ഡൗൺ ആകുന്ന സന്ദർഭങ്ങളിൽ (ജീവനക്കാരുടേതല്ലാത്ത കാരണത്താൽ) സമയപരിധി നോക്കാതെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഹാജർ അനുവദിക്കേണ്ടതാണ്.

Ticket Issuer ക്ക് പ്രൊമോഷൻ അനുവദിക്കണം. Spl Grade കഴിഞ്ഞുള്ള ഓരോ 5 വർഷത്തിലും അഡീഷണൽ ഇൻക്രിമെന്റ് ലഭിക്കണം.

ഓപ്പറേറ്റിംഗ് സെന്റർ ഉൾപ്പെടെ എല്ലാ യൂണിറ്റുകളിലും സൂപ്രണ്ടിനെ പോസ്റ്റ് ചെയ്യണം.

ട്രാഫിക് ഇൻസ്പെക്ടർമാരെ എല്ലാ യൂണിറ്റുകളിലും പോസ്റ്റ് ചെയ്യണം.

ജോലിയിൽ പ്രവേശിച്ച് 6 മാസത്തിനകം പ്രൊബേഷൻ ഡിക്ളയർ ചെയ്യാൻ പി.എസ്.സി. യുമായി ചേർന്ന് നടപടി സ്വീകരിക്കണം.

C/W, R/W കളിൽ നൽകിക്കൊണ്ടിരിക്കുന്ന Monthly Pass എല്ലാ വിഭാഗം ജീവനക്കാർക്കും നൽകുക.

**Spare Parts:** Factory കളിൽ നിന്നും നേരിട്ട് വാങ്ങുക. (Open Tender പ്രകാരം).

1992-ൽ നേരിട്ട് നിയമിച്ച വനിതാ കണ്ടക്ടർമാരെ 2000 ൽ സ്ഥിരപ്പെടുത്തി. 92 -2000 ലെ ആനുകൂല്യം അവർക്ക് നൽകണം.

എല്ലാ വിഭാഗം ജീവനക്കാരുടെയും ഗ്രേഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. കാറ്റഗറി ഭേദമെന്യേ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രൊമോഷൻ പോസ്റ്റിൽ ടെസ്റ്റ് എഴുതുന്നതിന് അനുവദിക്കണം.

അംഗീകൃത ട്രേഡ്യൂണിയൻ ഭാരവാഹികൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണം.

50-ൽ അധികം വനിതാ ജീവനക്കാരുള്ളയൂണിറ്റുകളിൽ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷ് സംവിധാനം ഏർപ്പെടുത്തണം.

വനിതാ ജീവനക്കാർക്ക് അതാതു ജില്ലകളിൽ തന്നെ നിയമനം കൊടുക്കണം.

ബ്ലാക്സ്മിത്ത് എ.ഡി.ഇ. മാരുടെ പോസ്റ്റ് ഉണ്ടാക്കണം.

മാനദണ്ഡമനുസരിച്ച് മാത്രമെ ട്രാൻസ്ഫർ നടപ്പിലാക്കുവാൻ പാടുള്ളു.

ഓർഡിനറി ഇൻസ്പെക്ടർമാരെ ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ മാരുടെ കീഴിൽ കൊണ്ടുവരണം.

ഗ്രാജുവേഷൻ ഉള്ള ജീവനക്കാർക്ക് ഗ്രാജുവേഷൻ അലവൻസ് അനുവദക്കണം.

നിലവിലുള്ള റണ്ണിംഗ് ടൈം പരിഷ്ക്കരിക്കണം.

ഇൻസെന്റീവ് ബാറ്റ മെക്കാനിക്കൽ വിഭാഗത്തിന് ബാധകമാക്കണം.

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് കംപ്യൂട്ടർ പരിജ്ഞാനം നൽകണം. കാപ്യൂട്ടറിൽ ഉയർന്ന പരിജ്ഞാനം ലഭിച്ചവരെ ഉൾപ്പെടുത്തി ഇ.ഡി.പി.സി. വിപുലീകരിക്കണം.

മെക്കാനിക്കൽ വിഭാഗത്തിനെ മേജർ കാറ്റഗറിയിൽ ഉൾപ്പെടുത്തണം.

മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് അനുസരിച്ച് എല്ലാ യൂണിറ്റുകളിലും സബ്സിഡി നിരക്കിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കണം.

ആധുനിക മാനേജ്മെന്റ് സംവിധാനം വേണം.

ചെറിയകുറ്റങ്ങൾക്ക് യൂണിറ്റിൽ തന്നെ പെനാൽറ്റി നിശ്ചയിച്ച് കേസുകൾ തീർപ്പാക്കണം.

സൂപ്പർവൈസറി തസ്തികകളിൽ പ്രത്യേകം ഗ്രഡേഷൻ ലിസ്റ്റ് ഉണ്ടാക്കുകയും അതനുസരിച്ച് തുടർപ്രമോഷൻ നൽകുകയും വേണം. (2012 ലെ ഗവ: ഉത്തരവ് നടപ്പാക്കണം)

ലൈസൻസ് സസ്പെന്റ് ചെയ്യുന്ന ജീവനക്കാർക്ക് ടി കാലയളവിൽ അതർ ഡ്യൂട്ടി നിർബന്ധമായും നൽകണം.

വിജിലൻസിൽ സംപൂർണ്ണമായ നയം കൊണ്ടുവരണം.

1992-96 കാലഘട്ടത്തിൽ നഷ്ടപ്പെട്ട ഹാഫ്-പേ ലീവ് പുനഃസ്ഥാപിക്കണം.

ലൈറ്റ് ഡ്യൂട്ടി നൽകുന്നതിന് ഏകീകൃത സംവിധാനം കൊണ്ടുവരണം.

കോസ്റ്റ് ഓഫ് ഡാറ്റകൾ പരിശോധിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം വേണം.

ഡ്രൈവർമാർക്ക് ഫസ്റ്റ് ഗ്രേഡ് ലഭിക്കുന്നതിനുള്ള കാലയളവ് 9 വർഷത്തിൽ നിന്നും 6 വർഷമായി കുറയ്ക്കണം.

അവകാശ പത്രികയുമായി ബന്ധപ്പെട്ട് പ്രധാന നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. വിശദമായ നിർദ്ദേശങ്ങൾ പിന്നീട് സമർപ്പിക്കുന്നതാണ്.

വിശ്വസ്തതയോടെ,

സി. കെ. ഹരികൃഷ്ണൻ

ജനറൽ സെക്രട്ടറി